ഭോപ്പാൽ

സത്യസന്ദേശം



പുസ്തകം 6. 1934 മേയ് ലക്കം 11.

Licence No .183.

വിഷയവിവരണിക.

1 പരസ്യക്കല്പന.
2 മാർയൗസേപ്പിന്റെ ജീവചരിത്രം
3 സലേഷ്യൻ സഭാസ്ഥാപകൻ
4 തിരുമണിക്കൂർഭക്തി
5 ഒരൈതിഹ്യം
6 മരിയാകീർത്തനം
7 തങ്കമ്മയുടെ ദൈവവിളി
8 ജപമാലസ്തോത്രസഖ്യം
9 കുടുംബരിക്കായ്യം
10 ഉപകാരസ്മരണകൾ
11 ചരമവാർത്തകൾ
12 പരസ്യങ്ങൾ
13 പഞ്ചാംഗം.

സെൻട്രൽ ബോർഡിംഗ് കുറിപ്പങ്ങാട്ട്.

ബോർഡിംഗ് ഫീസ് പ്രതിവർഷം 40 രൂപാമാത്രം.

വിദ്യാർത്ഥികളുടെ സ്വഭാവസംസ്കരണത്തേയും അദ്ധ്യയനസൌകര്യത്തേയും ആരോഗ്യസംവർദ്ധനയേയും ഉദ്ദേശിച്ച് വേണ്ടതായ സകല ഏർപ്പാടുകളും ചെയ്തുകൊടുക്കുന്നതാണ്.

എൻ്, ബോർഡിംഗ് റെക്ടർ.

ചിട്ടി അറിയിപ്പ്.

ചങ്ങനാശ്ശേരി രൂപത തലയാഴംനിന്നു 104-ൽ 170-ാംനമ്പരായി രജിസ്റ്റർചെയ്തു നടത്തിവരുന്ന ലേലച്ചിട്ടിയുടെ എട്ടാമതു യോഗം 1934 ജൂൺ 2-ാംനു- ശനിയാഴ്ച പകൽ രണ്ടുമണിക്കു ടി. രൂപതവക കോളേജുകെട്ടിടത്തിൽവച്ചു നടത്തുന്നതാകകൊണ്ടു് ചിറാമുഖർ എടുത്തിട്ടുള്ളനമ്പരുകാർക്കു താഴെചേർത്തിരിക്കുന്നകണക്കനുസരിച്ചു അടയ്ക്കുവാനുള്ളസംഖ്യ നേരത്തെ എത്തിച്ചുസ്വീകരിക്കുവാൻ ഏർപ്പാടുചെയ്യുന്നതും, അന്നേദിവസം 9-മതു ചിട്ടിനമ്പരുകാർ ലേലംചെയ്യുന്നതും, എട്ടാമതു ചിട്ടിക്കു പണമടയ്ക്കാത്തവർക്കു ലേലത്തിൽ പങ്കുവാൻ അവകാശമില്ലാത്തതുമാകുന്നു.

	ആകെ മൊത്തം.			വീ: പ: നീക്കി.		
A	400	0	0	211	1	10
C	160	0	0	57	4	2
D	80	0	0	30	15	2
E	40	0	0	19	2	6

ചങ്ങനാശ്ശേരി
19—4—34

ചിട്ടി മാനേജർ.

മദ്ധ്യസ്ഥൻ.

പുസ്തകം 6. | ഫെബ്രുവരി. മേയ്. | ലക്കം 11.

No. 27

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും

ചങ്ങനാശ്ശേരിരൂപതയുടെ

മെത്രാനായ നാം

കാളാശ്ശേരിൽ



ജയിംസു്

മെത്രാൻ.

"നന്മനിറഞ്ഞവളെ നിനക്കു സ്വസ്തി" (ലൂക്കാ 1-28)

വന്ദ്യസഹോദരരെ പ്രിയ മക്കളെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേകവണക്കത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മേയ്മാസം ഇതാ ആരംഭിക്കുന്നു. പാപികളായ നമ്മുടെ അമ്മ ദൈവത്തിന്റെയും അമ്മയായിരിക്കുന്നതുകൊണ്ട് ആ അമ്മയെ നമ്മൾ എത്രകണ്ട് സ്നേഹിച്ചു സ്തുതിച്ചാലും അധികമായിപ്പോകയില്ല. എന്നുമാത്രമല്ല, ആ നല്ല മാതാവിനെ നമ്മൾ വേണ്ടവിധം വണങ്ങാതിരുന്നാൽ നമ്മൾ നശിച്ചുപോകുമെന്നതിനു് യാതൊരു സംശയവു

മില്ല. ദൈവം മറിയത്തിന്റെ പുത്രനായി പിറന്നതുനിമിത്തം, അവളെ വണങ്ങുന്നതിനു ദൈവം തന്നെയും ഒരുവിധത്തിൽ കടപ്പെട്ടിരിക്കുന്ന സ്ഥിതിക്കു, നീചകൃമികളായ നമ്മാൽ അവളെ വണങ്ങി സ്തുതിക്കുന്നതിനു എല്ലാവിധത്തിലും കടപ്പെട്ടിരിക്കുന്നില്ലയോ? ആകയാൽ ആണ്ടുവട്ടത്തിൽ പ. മറിയത്തോടു നാം പ്രദർശിപ്പിച്ചിട്ടുള്ള വണക്കക്കുറവുകൾക്കും നന്ദികേടുകൾക്കും പരിഹാരമെന്നവണ്ണം മേയ് മാസം മുഴുവനും ദൈവമാതാവിനെ അത്യധികമായി വാഴ്ത്തി പുകഴ്ത്തണമെന്നു നിങ്ങളേവരേയും നാം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഈശോമ്ശിഹാ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പ. ക. മറിയത്തെ എത്രയോ പ്രാവശ്യം "അമ്മെ, അമ്മെ" എന്നു സംബോധന ചെയ്തിരിക്കുമെന്നു നിങ്ങൾ ഊഹിച്ചുനോക്കുവിൻ. ആ മാധുര്യമേറിയതും സ്നേഹം നിറഞ്ഞതുമായ ദിവ്യസംബോധനയെ ദിവസത്തിൽ പലപ്രാവശ്യം പ. മറിയത്തെ നാം അനുസ്മരിപ്പിക്കുന്നതു ആ വിശുദ്ധ ജനനിയ്ക്കു ഏറ്റം പ്രസാദജനകമായിരിക്കും. അപ്രകാരം തന്നെ, തിരുസഭ തന്റെ ദിവ്യസ്ഥാപകനെയനുകരിച്ചുകൊണ്ടു് വിശുദ്ധമറിയത്തെ സദാ സഹായത്തിനു വിളിച്ചുകൊണ്ടിരിക്കുന്നു. ദിവസം മൂന്നുപ്രാവശ്യം കത്തോലിക്കാലോകം മുഴുവൻ 'കുരിശുമണി' മുഴക്കി "കർത്താവിന്റെ മാലാക്കാ"യുടെ മംഗളവാർത്ത ആവർത്തിച്ചുകൊണ്ടു നമ്മനിറഞ്ഞമറിയത്തെ കീർത്തിക്കുന്നില്ലയോ? തിരുസഭയുടെ നല്ല മക്കളായ എല്ലാ വിശ്വാസികളും ശ്ര. പള്ളിയോടു യോജിച്ചുകൊണ്ടു കുരിശുമണി സമയങ്ങളിൽ കാലത്തും ഉച്ചയ്ക്കും സന്ധ്യയ്ക്കും "കർത്താവിന്റെ മാലാക്കാ" എന്ന നമസ്കാരം മുടക്കാതെ ചൊല്ലി ദൈവമാതാവിനെസ്തുതിക്കുന്നതു് എത്രയോ അഭിനന്ദനീയമായ സുകൃതമാകുന്നു! എന്നാൽ ഉച്ചസമയത്തു ചില വീട്ടുകളിൽ ആ നമസ്കാരം ചൊല്ലുന്നില്ലെന്നു നാമറിയുന്നു. ഈ മേയ്മാസത്തിൽ ആ ന്യൂനത പരിഹരിക്കപ്പെട്ടുമെന്നു നാം ആശിക്കുന്നു.

കൊന്തനമസ്കാരവും ലുത്തിനായും ഏതാനും കുടുംബങ്ങളിൽ മുടക്കമുള്ളതായി നാം കേൾക്കുന്നതു വാസ്തവമെങ്കിൽ അതു അത്യന്തം ശോചനീയം തന്നെ. ഭാഗ്യപ്പെട്ട ദിലാറോഷ് എന്ന വേദശാസ്ത്രിയ്ക്കു പ. മറിയം ജപമാലയെക്കുറിച്ചു വെളിപ്പെടുത്തിയിരിക്കുന്നതുകേട്ടാലും. "മകനെ, ഒരാത്മാവു നിത്യമായി നശിച്ചുപോകാറായിരിക്കുന്നുവെന്നതിന്റെ ഒരു ലക്ഷ്യം കൊന്തനമസ്കാരം അവഗണിക്കുക എന്നതാണു്". ആയതിനാൽ വാത്സല്യമക്കളെ, നിങ്ങളുടെ ഭവനങ്ങളിൽ ഒരുദിവസമെങ്കിലും ജപമാല മുടങ്ങാതിരിക്കത്തക്കവണ്ണം ഈ മേയ്മാസത്തിൽ കുടുംബനാഥന്മാർ വേണ്ട ശട്ടംകെട്ടുകൾ ചെയ്യണമെന്നു നാം ഓർപ്പിക്കുന്നു.

ദൈവമാതാവിന്റെ ഉത്തരീയം അല്ലെങ്കിൽ അതിനു തുല്യമായ കാഴ്ചരൂപം ധരിക്കുന്നതിൽ വൈമനസ്യം പ്രദർശിപ്പിക്കുന്നവർ വല്ലിച്ചാണ് കാണുന്നതു്. അതും വളരെ പരിതാപകരം തന്നെ. വി. മറിയം ഉണ്ടാക്കിക്കൊടുത്ത വസ്ത്രം സ്രഷ്ടാവായ സർവേശ്വരൻ ധരിച്ചുകൊണ്ടു നടക്കുന്നതിനു് മടിച്ചില്ലെങ്കിൽ, സൃഷ്ടികളായ നമ്മൾ ദൈവമാതാവു നമുക്കായി ഉണ്ടാക്കിയിരിക്കുന്ന ഉത്തരീയമെന്ന വസ്ത്രത്തെ ധരിക്കുന്നതു് ഒരു വിധത്തിലും ആക്ഷേപകരമല്ല; പിന്നെയൊ അതു ഒരു മഹാ ഭാഗ്യമാകുന്നുവെന്നു നാം കരുതണം. ആകയാൽ ഉത്തരീയമുപേക്ഷിച്ചവർ വീണ്ടും അതു ധരിച്ചുതുടങ്ങുന്നതിനും ഉത്തരീയസഭയിൽ ചേർന്നിട്ടില്ലാത്ത എല്ലാവിശ്വാസികളേയും അതിൽ ചേർക്കുന്നതിനും ബ. വികാരിമാരും മറ്റു വൈദികരും ഈ മേയ്മാസത്തിൽ ഉത്സാഹിക്കേണ്ടതാണു്.

ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദർശനസമൂഹങ്ങളും സഖ്യങ്ങളും നമ്മുടെ മിക്കഇടവകകളിലും സ്കൂളുകളിലുമുണ്ടെന്നുള്ളതു നമുക്കു സന്തോഷകരം തന്നെ. എന്നാൽ അവ സ്ഥാപിക്കപ്പെടാത്ത സ്ഥലങ്ങളിൽ എത്രയും വേഗത്തിൽ മേയ്മാസം അവസാനിക്കുന്നതിനു് മുമ്പു് ബ. വികാരിമാരും സ്കൂൾ മാനേജർമാരും അവയെ സ്ഥാപിക്കുന്നതിൽ ശ്രദ്ധിക്കാന്തിയുള്ളവരായിരിക്കണം. Legion of Mary, മരിയസൈന്യമെന്നൊരു ഒരു പുതിയ സഖ്യം കത്തോലിക്കാലോകത്തിന്റെ നാനാഭാഗങ്ങളിലും വളർന്നുവരുന്നുണ്ടു്. നമ്മുടെ രൂപതയിലും അതു പാറേൽ അമലോത്ഭവമാതാവിന്റെ കപ്പേളയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. നമ്മുടെ മറ്റു എല്ലാപള്ളികളിലും അതു സ്ഥാപിക്കുന്നതിനു തക്കസമയം ഈ മേയ് മാസംതന്നെയാകുന്നു. ലോകത്തെ വഷളാക്കുന്ന പിശാചിന്റെസൈന്യത്തോടു യുദ്ധം ചെയ്തു ലോകത്തെ നന്നാക്കണമെന്നുള്ളതാണു് ഈ മരിയ സൈന്യത്തിന്റെ പ്രധാന ഉദ്ദേശം. സാത്താന്റെ തലയെ എന്നാളും തകർക്കുവാൻ ശക്തിയുള്ള പ. കന്യകയുടെ നേതൃത്വം ഈ സൈന്യത്തെ അജയ്യമാക്കിത്തീർക്കുമെന്നുള്ളതിനു സംശയമില്ല.

പരിശുദ്ധമായ ജീവിതം കഴിക്കുന്നവർ ഇക്കാലത്തു പ്രത്യേകം ഈ വലോകത്തിൽ വളരെവളരെ ചുരുക്കമായി കാണുന്നു. ഇതിന്റെ കാരണം ശുദ്ധത എന്നു പുണ്യം കാക്കുന്നതിനു് അവക്കുള്ള പ്രയാസം ഒന്നുതന്നെയായിരിക്കുന്നു. എന്നാൽ കന്യാവ്രതത്തിനു അനുരൂപം വന്നിട്ടില്ലാത്ത ആ അതി പരിശുദ്ധമറിയത്തോടു അവർക്കു അല്പംപോലും ഭക്തിയും വിശ്വാസവും സ്നേഹവുമുണ്ടായിരുന്നെങ്കിൽ - ആ പരിശുദ്ധ കന്യക അവരുടെ സകല പ്രയാസങ്ങളേയും ജയിക്കത്തക്ക ശക്തി അവർക്കു നൽകുമായിരുന്നു. പൊതുപ്രത്തിലെ കുട്ടികളെ പ. മറിയത്തിനു അടിമയായി കാഴ്ച വയ്ക്കുകയും മരി

യഭക്തിയിൽ അവരെ അഭ്യസിപ്പിക്കുകയും ചെയ്യുന്നതിനു മാതാപിതാക്കന്മാരും വൈദികരും അദ്ധ്യാപകന്മാരും എത്രയും ജാഗ്രതയുള്ളവരായിരിക്കണമെന്നു് തിരുസ്സഭ സദാ ഉപദേശിക്കുന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാകുന്നു. കുട്ടികളേ അകത്തോലിക്കാസ്ക്കൂളുകളിലും മിശ്രസ്ക്കൂളുകളിലും വിട്ടയയ്ക്കരുതെന്നു ശ്ര. പള്ളി ശാഠ്യംപിടിച്ചിരിക്കുന്നതിന്റെയും കാരണം ഇതുതന്നെ. കത്തോലിക്കാസ്ക്കൂളുകളിൽ മരിയസഭ്യം (സൊഡാലിറ്റി) സ്ഥാപിക്കുന്നതിന്റെയും ആവശ്യം ഇതുതന്നെയത്രെ. നമ്മുടെ രാജ്യത്തുള്ള സ്ക്കൂളുകൾ തുറക്കുന്നതു എപ്പോഴും മെയ്മാസത്തിലായിരിക്കയാൽ സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ മരിയഭക്തിയിലേക്കു കുട്ടികളെ ആകർഷിക്കുന്നതിനു എത്രയോ സൗകര്യമായിരിക്കുന്നു! ദൈവപരിപാലനയുടെ ഈ മഹനീയക്രമത്തിലൊളിവായിരിക്കുന്ന സദുദ്ദേശത്തെ മനസ്സിലാക്കിക്കൊണ്ടു് എല്ലാകുട്ടികളും ദൈവമാതാവിനോടുള്ളഭക്തിയിൽ വളർന്നു് ശുദ്ധതയിൽ ലില്ലിപ്പുഷ്പംപോലെ വികസിക്കട്ടേഎന്നു് നാമെല്ലാവരും ഈ മെയ്മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം.

നാം ഈ പീഡാമേടുകയറുന്നതിനിടയ്ക്കു ഇതിനടുത്ത പല മലകളും വനങ്ങളും തോട്ടങ്ങളും സന്ദർശിച്ചു അവസരങ്ങളിൽ അനേകം പഴയക്രിസ്ത്യാനി കുടുംബങ്ങളെ കണ്ടപ്പോൾ നമുക്കു സന്തോഷമുണ്ടായിയെന്നുവരികിലും, അവരുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനു ഒരു പള്ളിപോലും ഈഭാഗങ്ങളിലില്ലല്ലോ എന്നുകാണുമ്പോൾ നമുക്കു അത്യധികമായ വ്യസനമുണ്ടു്. കുറഞ്ഞപക്ഷം പത്തു പള്ളികൾ ഈ മലമേടുകളിലാവശ്യമുണ്ടു്. അതു എത്രയുംവേഗം പണിതീർന്നില്ലെങ്കിൽ അനേകംപേർ വഴിതെറ്റിപ്പോകുന്നതിനും ക്രൂരാശകൾ ക്രൂരാതെ മരിക്കുന്നതിനുമിടയാകും. എന്നാൽ, ഇവർ സാധുക്കളാകയാൽ ഇവർക്കു പള്ളിപണി നടത്തിക്കൊണ്ടുപോകുവാൻ സധിക്കുന്നതുമല്ല. ആകയാൽ ഉദാരമതികളായ വൈദികരുടെയും അത്മേനികളുടേയും ശ്രദ്ധാ ഇക്കാര്യത്തിൽ വേണ്ടവണ്ണംപതിഞ്ഞു് പാവപ്പെട്ട ധർമ്മസഹായം ചെയ്യുന്നതിനു നമ്മനസ്സു അവരിലുളവാകുന്നതിനു ദൈവമാതാവിനോടു നാം സദാ പ്രാർത്ഥിക്കുകയും നിങ്ങളും നമ്മോടൊന്നിച്ചു ഈ മെയ്മാസത്തിൽ തന്നാലായ്മ്മസാധ്യത്തിനായി പ. മറിയത്തോടു ദിവസേന അപേക്ഷിക്കണമെന്നു് നാമഭ്യർത്ഥിക്കയും ചെയ്യുന്നു.

അവസാനമായി, ദൈവമാതാവിന്റെ ഈ മാസത്തിൽ, വാഴ്ത്തപ്പെട്ട ദിമോൺഫോർട്ട് പഠിപ്പിക്കുംവണ്ണം:— പ. ക. മറിയത്തിനു നാമോരോരുത്തരും നമ്മെത്തന്നെ അടിമകളായി സമർപ്പിച്ചുകൊണ്ടു ആ മഹാരാജ്ഞിയുടെ ഇഷ്ടാനുസരണംമാത്രംജീവിക്കുകയും നമ്മുടെ എല്ലാ ആവശ്യങ്ങളിലും അനുനിമിഷം പ്രാപിക്കുകയും ചെയ്താൽ, ആനന്ദനിറഞ്ഞ

മറിയം എല്ലാവിധ നന്മകളും ധാരാളം നൽകി നമ്മളെ സന്തുഷ്ടരാക്കുമെന്നുള്ള ദൃഢമായ വിശ്വാസത്തിൽ എല്ലാവരേയും † ബാവായുടേയും, † പുത്രന്റേയും, † റൂഹാദ്കുദശായുടേയും നാമത്തിൽ നാം അനുഗ്രഹിക്കുന്നു.

എന്ന് ജയിംസ് പള്ളശ്ശേരി

നമ്മുടെ പിരുമേട്ട് ബങ്കളാവിൽ നിന്നും 1934–ഏപ്രിൽ–29–ാം നു മാ. യൗ. മദ്ധ്യസ്ഥതിരുനാൾദിനം. ..ﬠ.ﬠ ..ﬠ.ﬠ. ✠ ..ﬠ.ﬠ ..ﬠ.ﬠ

N. B (1) ഈ കല്പന അടുത്ത 2 ഞായറാഴ്ച ഏവൻഗേലിയോൻ കഴിഞ്ഞു വായിച്ചുകൊള്ളണം.

(2) നമ്മുടെ രണ്ടാമത്തെ പള്ളിവിസിത്ത മേയ് മാസത്തിൽ ആരംഭിക്കുന്നതാണ്. നാമേതെങ്കിലും ഒരു പള്ളി സന്ദർശിക്കുന്ന അവസരത്തിൽ, മറ്റു പള്ളികളിലെ പട്ടക്കാരോ അൽമേനികളോ നമ്മെ സന്ദർശിക്കുന്നതിനുവരിക എന്നപതിവു് പലേകാരണങ്ങളാൽ നാം മുടക്കിയിരിക്കുന്നു.

മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൧൯.

ജീവിതക്രമം.

1. ദിനചര്യ: വി. യൌസേപ്പും കന്യക മറിയവും തങ്ങളുടെസകലകൃത്യങ്ങൾക്കുംക്ലിപ്തസമയംനിശ്ചയിച്ചിരുന്നു. എല്ലാദിവസവുംഅതിരാവിലെഉണർന്ന് വളരെനേരംഅവർ ദാവീദിന്റെഗീതങ്ങളും പ്രാർത്ഥനകളും ചൊല്ലിദൈവത്തെസ്തുതിച്ചു. അനന്തരം പ. കന്യകപാചകജോലിയിലും വി. യൌസേപ്പു മരപ്പണിയിലും നേരംചിലവഴിച്ചു. ഉച്ചക്ഷണത്തിനുമുമ്പ് വീണ്ടും അവർപ്രാർത്ഥനയുമുറുന്നിച്ചുകൂടി. ഭക്ഷണത്തിനു് അല്പസമയംമാത്രമെ വിനയോഗിച്ചുള്ളു. അല്പംസസ്യസൂപ്പുംകോതമ്പ്അപ്പവും കുറെകായ്ഫലങ്ങളുമല്ലാതെ മറ്റൊന്നുംഅവർ സാധാരണ ഭക്ഷിച്ചിരുന്നില്ല. ചിലപ്രത്യേകദിവസങ്ങളിൽമത്സ്യവും അവർഉപയോഗിച്ചു. മാംസം പ. കന്യക ഒരിക്കലും ഭക്ഷിച്ചിട്ടില്ല. എന്നാൽവി യൌസേപ്പുകട്ടിയായമരപ്പണിനിമിത്തം അത്യധികമായി ക്ഷീണിച്ചിരിക്കുമ്പോൾതന്റെ പ. ഭാര്യയുടെനിർബന്ധംമൂലം ചിലപ്പോൾ മാംസം ഉപയോഗിച്ചിരുന്നു. ഭക്ഷണം കഴിഞ്ഞുദൈവത്തിനുഉപകാരസ്മരണചെയ്തതിനുശേഷം കുറെനേരംപുണ്യകാര്യങ്ങളെകുറിച്ചു സംസാരിച്ചുകൊണ്ട് അവർ ഉല്ലസിച്ചിരുന്നു.

ു സംഭാഷണവിഷയം. ദൈവത്തിന്റെ മഹാത്മ്യം, കരുണ, സ്നേഹം, മുതലായവയെക്കുറിച്ചായിരുന്നു അവർ സാധാരണ തമ്മിൽതമ്മിൽ സംസാരിച്ചിരുന്നതു്. വി. യൌസേപ്പു് അത്യദ്ധ്വാനംനിമിത്തം ക്ലേശിതനാകുമ്പോൾ, തന്റെ പ. ഭാര്യയുടെ പക്കൽപോയി അല്പനേരം സംസാരിക്കും. ആ കന്യകയെക്കാണുകയുംഅവളുടെസ്വരംകേൾക്കുകയുംചെയ്യുന്നക്ഷണത്തിൽ യൌസേപ്പിനുന്മേഷമുണ്ടായിക്ഷീണംമുഴുവൻ തീരുമായിരുന്നു. "ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതുതന്നെ നമുക്കു ഇത്ര ആനന്ദകരമാണെങ്കിൽ, ആ ലോകനാഥനെസ്വർഗ്ഗത്തിൽ അഭിമുഖമായെന്നും കാണുമ്പോൾ നമ്മുടെ സന്തോഷമെത്രയുണ്ടു് അധികമായിരിക്കും. അതുകൊണ്ടു് മ്ശിഹാ എത്രയുംവേഗം ലോകത്തിൽ അവതരിച്ചു് സ്വർഗ്ഗംതുറക്കുന്നതിനു് ഉള്ള ഭാഗ്യപ്രാർത്ഥിക്കാം" എന്നപ കന്യക പലപ്പോഴും തന്റെ സ്നേഹഭർത്താവിനോടുപറയുമായിരുന്നു. അതനുസരിച്ചു് വി. യൌസേപ്പു് രാവുംപകലും പലപ്രാവശ്യം മ്ശിഹായുടെ ആഗമനത്തിനായിപ്രാർത്ഥിച്ചിരുന്നു.

സലേഷ്യൻ സഭാ സ്ഥാപകൻ.

(തോമ്മസു് പുത്തൻവീട്ടിൽ)

"ഏകേനാപി ഹിശൂരേണ പാദാക്രന്തം മഹീതലം
ക്രിയതേഭാസ്സുരേണേവ സ്ഫാരസ്പുരിതതേജസാ"

അത്യന്തം തേജോമയനായ സൂര്യനാൽ എന്നപോലെ അദ്വിതീയനായ വീരപുരുഷനാൽ ഭൂലോകം പ്രകാശമാനമാക്കപ്പെട്ടു.

സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം മുതലായ ആദർശങ്ങളെ വ്യഭിചരിപ്പിക്കുന്നതിനു് സമുദായങ്ങൾപോലും അരയും തലയും മുറുക്കിപ്പുറപ്പെട്ടിരിക്കുന്ന ഈ കാലയളവിൽ ഇവരെ സൽപഥത്തിലൂടെ നയിക്കുന്നതിനു് കത്തോലിക്കസഭാ ഈ ഏപ്രിൽ 1-ാം നാ പൂണ്യപദവിയിലേയ്ക്കു് ഉയർത്തിയിരിക്കുന്ന ഒരു സാധുജനസംരക്ഷകനാണു് സലേഷ്യൻ സഭാസ്ഥാപകനായ ടൂറിനിലെ ജോൺ ബൊസ്കോ. ഈ വിശുദ്ധവത്സരത്തിൽ ഈ പദവിയിലേയ്ക്കു ഉന്നമിതരായിരിക്കുന്നവരിൽ പത്താമനായ ഈ മഹാശയൻ, മറിയമക്കളുടെ സഖ്യം, സലേഷ്യൻ സഹവർത്തകന്മാർ മുതലായ സംഘടനകളുടെ ജനയിതാവാണു്. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ നാനാത്വം ഏതൊരുവനേയും അത്ഭുതപരതന്ത്രനാക്കാതിരിക്കയില്ല. പല പ്രവർത്തകൻ. ദേവാലയനിർമ്മാതാവു്, ഏകദേശം ന്യൂനിലധികം പ്രബന്ധങ്ങളുടെ കർത്താവു്, ഉല്യാസാവസരമണ്ഡപസ്ഥാപകൻ, കത്തോലിക്കനോവലെഴുത്തുകാരൻ, നിശാപാഠശാലാസ്ഥാപകൻ, വിദ്യാഭ്യാസപ്രോത്സാ

കൻ എന്നിങ്ങനെയുള്ള അനവധി മാർഗ്ഗേണ ഈ മഹാപുരുഷൻ ലോകത്തിന്റ് വരുത്തിക്കൂട്ടിയുള്ള നന്മകൾ വളരെയാണ്. വി. ഇഗ്നേഷ്യസ് പ്രോട്ടസ്റ്റൻറ് നവീകരണത്തിന്റേയും, അസ്സീസ്സിയിലെ വി. ഫ്രാൻസിസ് ധനാസക്തിയുടേയും ദുഷ്ഫലത്തെ നിവാരണം ചെയ്തതുപോലെ പ്രജായത്തഭരണത്തിന്റെ ദുഷ്പ്രവാഹത്തിൽനിന്നും ഈ വിശുദ്ധൻ സഭയെ സംരക്ഷിക്കുന്നു.

ഇദ്ദേഹം ഇറ്റലിയിലെ ട്യൂറിനിനടുത്തുള്ള ഒരു ഗ്രാമത്തിൽ 1815 ആഗസ്റ്റ് 16-ാം തീ- ദരിദ്രരായ മാതാപിതാക്കന്മാരിൽ നിന്നും പിറന്നു. ഇത്ര ദരിദ്രനായി ജനിച്ച ഇദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ (1888-ൽ) ഒരു ലക്ഷത്തിലധികം ആളുകൾ പങ്കുകൊണ്ടു. 1929-ൽ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനെന്നു നാമകരണം ചെയ്ത കർമ്മത്തിൽ സംബന്ധിച്ചവരുടെ എണ്ണം അതിനു മുമ്പുള്ള എല്ലാ സന്ദർഭങ്ങളിലേയും സംഖ്യയെ ഉല്ലംഘിക്കുന്നതായിരുന്നു.

ബാല്യത്തിൽത്തന്നെ പിതാവു പരലോകപ്രാപ്തനായി. തന്നിമിത്തം, മാതാവായ മർഗ്ഗരീത്തായുടെ മേൽനോട്ടത്തിലാണ് താൻ വളർന്നുവന്നതു്. ഈ ഭാഗ്യശാലിനിയുടെ ജനനദിവസമായ ഏപ്രിൽ 1-ാം തീ യാണ് തന്നെ പുണ്യവാനെന്നു നാമകരണം ചെയ്തതെന്നുള്ളതും സ്മരണീയമാണ്. ഒരു ചെറിയ കുടിലിൽ അവളുടെ സമീപത്തുനിന്നാണ് ജോൺ ബോസ്കോ തന്റെ ആധ്യാത്മികജീവിതത്തിന്റെ ബാലപാഠം ഗ്രഹിച്ചതു്. ഇവർ ഒരു യോഹന്നാൻ മാംദാന തന്നെ ആയിരുന്നുവെന്നു വസ്തുത മാതാക്കൾ പ്രത്യേകം അനുസ്മരിക്കുന്നതു് നന്നായിരിക്കും. ക്രമപാലനശുഷ്കാന്തിയും ദൈവഭീതിയും സന്താനങ്ങളോടുള്ള വിശേഷവാത്സല്യവും സോദരങ്ങളെപ്പോലെ ഇവളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നു.

ദൈവവിളി.

ശൈശവത്തിൽത്തന്നെ ഒരു വൈദികനാവേണ്ട ഗുണങ്ങൾ ജോൺ ബോസ്കോയിൽ പ്രത്യക്ഷപ്പെട്ടു. മാതൃമല്ല സ്വാനുഷ്ഠാക്കളുടെമേൽ തനിക്കു് എന്തെന്നില്ലാത്ത ഒരു സ്വാധീനശക്തി ഉണ്ടായിരുന്നതായും. ഒൻപതു വയസ്സായപ്പോൾ തനിക്കു് ഒരു സ്വപ്നം ഉണ്ടായി. താൻ വൈദികനാകുമെന്നും ബാലശിക്ഷണത്തിനായി ജീവിതം വിനിയോഗിക്കുമെന്നും ജോൺ ബോസ്കോയും സ്വമാതാവും ഇതിനെ വ്യാഖ്യാനിക്കുകയും ചെയ്തു. അതിനാൽ തൽസ്ഥാനപ്രാപ്തിക്കായി ശ്രമിക്കുന്നതിൽ താൻ ഒട്ടും വൈമനസ്യം പ്രദർശിപ്പിച്ചില്ല. കളികളിലും പൊതുവിനോദകൃത്യങ്ങളിലും അഭ്യസിച്ചു് അതിനായിക്കുന്നതിലും താൻ വളരെ താല്പര്യം കാണിച്ചു. ഇതിന് താൻ ആവശ്യപ്പെട്ട പ്രതിസമ്മാനം, തന്റെ അസാധാരണ ധാരണാശക്തിയിൽ സം

ഗ്രഹിച്ചുവച്ചിരുന്ന തൊഴിലാളിപ്രസംഗങ്ങളും സഭാവാസികളും ശ്രവിക്കണമെന്നു മാത്രമായിരുന്നു. പട്ടക്കാരനാവുന്നതിനു താൻ അനുഭവിക്കേണ്ടിവന്ന വിഷമതകളും നിരവധിയത്രെ. എന്നാൽ ഇവയെല്ലാം തട്ടിനീക്കി 1841-ൽ ഒരു വൈദികനായി ജോൺബോസ്കോ അഭിഷേകംചെയ്യപ്പെട്ടു.

ബുദ്ധിശാലിയായ തനിക്കു ഒരു കേളേജ് പ്രൊഫസ്സറോ മറ്റോ ആകാമായിരുന്നു. എന്നാൽ 'ഏതേ സന്തു പുരുഷാഃ പരമാർത്ഥഘടകാഃ സ്വാർത്ഥം പരിത്യജ്യയേ....' (അർത്ഥം:- സ്വാർത്ഥം കൈവെടിഞ്ഞു പരഹിതത്തിനായി പരിശ്രമിക്കുന്നവരാണു് ഉത്തമപുരുഷന്മാർ). ഈ ഉദ്ഗമഹാന്മാരെയാണു നമ്മുടെ കഥാപുരുഷൻ അനുകരിച്ചതു്. സമ്പത്തും സൗഖ്യവും നിസ്സാരമായിക്കരുതിയ താൻ ദുർഗ്ഗതോദ്ധാരണത്തിലാണു് മനസ്സിരുത്തിയതു്. കാരാഗൃഹത്തിൽ താൻ സന്ദർശിച്ച ഓരോ സാന്മാർഗ്ഗികധഃകൃതരും സ്വകരുണയ്ക്കു് പാത്രമായിത്തീർന്നു. ദൈവിട്ടഷ്ടിയിൽ അനർഘരായ ഈ ആത്മാക്കളുടെ നികൃഷ്ടസ്ഥിതി പരിഹരിക്കുന്നതിനും യുവലോകപരിത്രാണത്തിനും ആയി സ്വജീവിതത്തെ മുഴുവൻ ബലിയിടുന്നതിനു് ഈ ദരിദ്രപ്രണയിട്ടുദ്ധനിശ്ചയം ചെയ്തു.

ഒരു ദിവസം രാവിലെ നമ്മുടെ കഥാനായകൻ പൂജയ്ക്കു ഒരുങ്ങുമ്പോൾ കപ്യാരും വേറൊരു ബാലനും തമ്മിൽ ചില ഗൗരവമായ കശപിശകൾ നടക്കുന്നതുകണ്ടു. മതകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇക്കുട്ടി ഒരു മലമൂടൻ തന്നെയായിരുന്നു. എങ്കിലും അവ പഠിക്കുന്നതിനു് താല്പര്യമുള്ളവനായിട്ടാണു് കാണപ്പെട്ടതു്. ഇരുമ്പും കാന്തവും തമ്മിൽ അടുത്താലത്തെ കഥ പറയണമോ? പഠിക്കുന്നതിനു് ഉത്സാഹമുള്ള കുട്ടിയും പഠിപ്പിക്കുന്നതിനു് അതിലും കൊതിയുള്ളവൈദികനും തമ്മിൽ ചേർന്നാലത്തെ ഭവിഷ്യത്തു് ഊഹ്യം തന്നെ. അടുത്ത തൊഴിലാളിയെ ജോൺ ബോസ്കോ ക്ലാസ്സിലുടങ്ങി. 'ജ്ഞാതേന അജ്ഞാതം' (അറിയപ്പെട്ടതുമൂലം അറിയപ്പെടാത്തതു്) എന്നാ ചൊല്ലു് അനുസരിച്ചു് ഈ ബാലൻ മുഖാന്തരം സ്വസുഹൃത്തുക്കളായ അനേകബാലന്മാരും വന്നുചേർന്നുതുടങ്ങി. ഇങ്ങനെ പെരുകി ഏതാനും മാസത്തിനകം കുട്ടികളുടെ സംഖ്യ നൂറിലധികമായി. ഏറെത്താമസിയാതെ എണ്ണം എണ്ണൂറിലപ്പുറമായി. ഇവരോ വെറും നാടോടികളായിരുന്നു. അനാഥരുംതൊഴിലില്ലാതെ അലഞ്ഞു നടക്കുന്നവരുമായ ഇക്കൂട്ടർ വേലക്കായിട്ടാണു് ആപൽസമുദ്രമായ ടൂറിനിൽ എത്തിക്കൂടിയതു്. ഏതനാഗരവാസം ഇവരെ അധികാരിവിരോധികളും ക്രൂരഹിതരും ആക്കിത്തീർത്തു. അവസാനം ജോൺ ബോസ്കോയുടെ കയ്യിൽപ്പെട്ടു. താൻ അവർക്കുഭക്ഷണം, വസ്ത്രങ്ങൾ മുതലായവകൊടുക്കുകയും, കച്ചവടം മതകാര്യങ്ങ

(ശേഷം 351-ാം പേജിൽ)

"തിരുമണിക്കുർ" ഭക്തി.

(റവ. ഫാദർ മാത്യു ആലക്കളം)

പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ നമ്മുടെ രക്ഷയെപ്രതി മനുഷ്യാവതാരം ചെയ്തു, മുപ്പത്തിമൂന്നു കൊല്ലം ഭൂമിയിൽ ഏവക്കും മാതൃകാപാത്രമായ ജീവിതം നയിച്ചു, അവസാനകൊല്ലങ്ങളിൽ ദിവ്യപ്രബോധനങ്ങളാൽ ജനങ്ങളെ ഉപദേശിച്ചു, ഒടുവിൽ കാൽവരി മലമുകളിൽ സ്വരക്തം ചിന്തി പിതാവിനു ബലിയായി സ്വയം സമർപ്പിച്ചു, അവിടുന്നു നിയുക്തനായിരുന്ന ജോലി സംപൂർണ്ണമായും സഫലമായും നിവ്വഹിച്ചു. എന്നാൽ മനുഷ്യകുലത്തോടുള്ള അവിടുത്തെ സ്നേഹം ഇതുകൊണ്ടും തൃപ്തിയടഞ്ഞില്ല. ലോകാവസാനംവരെ മനുഷ്യരുടെ കൂടെ പ്രത്യേകവിധത്തിൽ വസിക്കുന്നതിനു അവിടുന്നു ആഗ്രഹിച്ചു. തൽഫലമായി ഏറ്റം മഹനീയവും പാവനവുമായ പരിശുദ്ധ കുർബാനയെ സ്ഥാപിച്ചു നമ്മുടെ നിത്യാഹാരമായിട്ടും നിത്യബലിയായിട്ടും സ്ക്രാരിക്കുള്ളിൽ എല്ലാദിവസവും എല്ലാസ്ഥലത്തും അവിടുന്നു വസിക്കുന്നു. "ഇതു എന്റെ ശരീരമാകുന്നു, നിങ്ങൾ എടുത്തു ഭക്ഷിപ്പിൻ; ഇതു എന്റെ രക്തമാകുന്നു, നിങ്ങൾ എടുത്തു പാനംചെയ്യുവിൻ". മാത്രമല്ല, ദിവ്യകാരുണ്യ ഈശോ സദാ നമ്മുടെ ഉത്തമസ്നേഹിതനും സങ്കടങ്ങളിൽ ആശ്വാസവും അനർത്ഥങ്ങളിൽ രക്ഷയും ആവശ്യങ്ങളിൽ സഹായവുമാണു. "അദ്ധ്വാനിക്കയും ഭാരം വഹിക്കയും ചെയ്യുന്ന എല്ലാവരും എന്റെ പക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"

എന്നാൽ ഈ ഇടുങ്ങിയ മണിമേടയിൽ അവിടത്തേക്കു ലഭിക്കുന്നതു നിന്ദയും പരിഹാസവുമാണു. സജീവമായ സ്നേഹത്തോടെ തന്റെ പക്കലേക്കു വരുന്നവർ നന്നാ മുരുക്കം. നമുക്കായി അവിടുന്നു രാപകൽ ഇവിടെ വസിക്കുന്നു. നാമാകട്ടെ അവിടുത്തെ സ്മരിക്കുന്നുപോലുമില്ല. വിശ്രമത്തിനായി നിശ്ചയിച്ചിരിക്കുന്ന രാത്രികാലങ്ങളെത്തന്നെയും നീചവും നിന്ദ്യവുമായ ഓരോ വിനോദങ്ങൾക്കും ജോലികൾക്കുമായി ദുരുപയോഗിക്കുന്നവർ ഇക്കാലങ്ങളിൽ ധാരാളം. എന്നാൽ ഈ സ്വാർത്ഥീയമനുഷ്യർ ഭക്ഷിക്കുന്ന ദരിദ്രരും ഈ സജീവഉറവയിൽ നിന്നും പാനംചെയ്യുന്ന പാവപ്പെട്ടവരും ഈ ദിവ്യവൈദ്യനോടു ഔഷധം വാങ്ങുന്ന രോഗികളും ഈശോയെ തന്നെ ആശ്വസിപ്പിക്കുന്ന സ്നേഹിതരും എത്ര ദുർല്ലഭം! ഇങ്ങനെ സർവ്വരാലും പരിത്യക്തനായി, നിന്ദാവമാനങ്ങൾ സഹിക്കുന്ന ഈശോയെ ആശ്വസിപ്പിക്കയും ബഹുമാനിക്കയും ചെയ്യേണ്ടതു എത്ര ക്രിസ്തുഭടന്റെയും

കത്തവ്യമാണ്. മ്ശിഹായുടെ ദിവ്യരക്തത്താൽ വാങ്ങപ്പെട്ട ഭക്താ ത്മാക്കളെ, നന്ദിഹീനരായ അനേകരുടെ പേക്ഷ നിങ്ങളും പരിഹാരം ചെയ്യുവിൻ. ഗത്സമൻതോട്ടത്തിലെ അതിഭയങ്കരമായ ദുഃഖംതന്നെ ന മ്മുടെ സക്രാരികളിൽ ഇരുന്നുകൊണ്ട് ഈശോ സഹിക്കുന്നു. പാപം വ ഴിയായി അനേകർ അവിടുത്തെ അടിക്കയും അപമാനിക്കയും തുപ്പുകയും മുഖംമൂടി ചൂടിക്കയും ചെയ്യുന്നുണ്ട്. കൽത്തുണിൽ കെട്ടി അടിക്കയും ക്രൂരമാ യി അവിടുത്തെ വീണ്ടും ക്രൂശിക്കയും ചെയ്യുന്നവരും അത്ര ദുർല്ലഭമല്ല. ഇ വയ്ക്കെല്ലാം പരിഹാരം ചെയ്യേണ്ടതു് നമ്മുടെ കടമയാണ്. "എന്നെ ആ ശ്വസിപ്പിക്കുന്നവരെ ഞാൻ അന്വേഷിച്ചു; എന്നാൽ കണ്ടില്ല" എന്ന വ്യ സനപൂർവം അവിടുന്നു പറയുന്നു. ഗത്സമിനിൽവച്ചു് പത്രോസ്പ്രഭൃതി കളോടു ചെയ്ത അഭ്യർത്ഥനതന്നെ ഇപ്പോഴും നമ്മോരോരുത്തരോടും അ വിടുന്നു ചെയ്തുകൊണ്ടുമിരിക്കുന്നു. "ഒരു മണിക്കൂർ എന്റെകൂടെ ഉണ ർന്നിരിപ്പാൻ നിങ്ങൾക്കു പാടില്ലയോ?" ദിവ്യരക്ഷകൻ തന്റെ ഈ ആ ഗ്രഹം വി. മർഗരീത്താ അലക്കോക്കിനു പ്രത്യക്ഷമായി അറിയിച്ചിട്ടുണ്ട്.

നമ്മുടെ കർത്താവിന്റെ നിർദ്ദേശമനുസരിച്ചു് പുണ്യവതി വ്യാഴാഴ്ച യും വെള്ളിയാഴ്ചയും മദ്ധ്യയുള്ള എല്ലാ രാത്രിയിലും വിശുദ്ധ കുർബാനയു ടെ മുമ്പാകെ സാഷ്ടാംഗമായി ആരാധന നടത്തിവന്നു. അചിരേണ ഈ ഭക്തകൃത്യത്തിനു് യൂറോപ്യൻ രാജ്യങ്ങളിൽ പ്രചാരം സിദ്ധിച്ചു. അടുത്ത കാലത്തു് നമ്മുടെ നാട്ടുകളിലും ഈ ഭക്തി നടപ്പിലായിട്ടുണ്ടു് എന്നുള്ള തു് എത്രയും സന്തോഷാവഹവും അഭിമാനകരവുംതന്നെ. ഓരോ കാരണ ങ്ങളാൽ പലർക്കും, പ്രത്യേകിച്ചു് സ്ത്രീകൾക്കും രാത്രികാലങ്ങളിൽ ദേവാല യത്തിൽപോയി ആരാധന നടത്തുന്നതു് പ്രയാസമത്രെ. ഇങ്ങനെയുള്ളവ ർക്കു സ്വഭവനങ്ങളിൽ തന്നെ നമ്മുടെ കർത്താവിന്റെ തിരുഹൃദയ സ്വരൂപ ത്തിൻ മുമ്പാകെ ഈ ആരാധന നടത്താവുന്നതാണ്. "കുടുംബപ്രതിഷ്ഠ" എന്നു ഭക്തിയുടെ പ്രാരംഭകനായ മാത്യു ക്രോളി എന്ന വൈദികനാണ് ഈ 'ഗാർഹികാരാധന'യുടേയും അവതാരകൻ. ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ ഭക്തിയെ പ്രത്യേകം അംഗീകരിച്ചു് പ്രോത്സാ ഹിപ്പിച്ചിട്ടുണ്ട്. രണ്ടു കൊല്ലംമുമ്പു ഗോവയിൽ വച്ചുകൂടിയ വി. കുർബാ നയുടെ മഹായോഗത്തിൽ ഇതു് പ്രത്യേക ആലോചനാവിഷയമായിരുന്നു. എറണാകുളം മംഗലാശേരി രൂപതകളിലെ വന്ദ്യ മതാദ്ധ്യക്ഷന്മാർ ഇടയ ലേഖനങ്ങളും വഴിയായി തങ്ങളുടെ ഭരണീയരെ ഈ ഭക്താഭ്യാസത്തിനു് പ്രോത്സാഹിപ്പിച്ചിട്ടുള്ളതാണല്ലൊ. ഇതു സംബന്ധിച്ചു് ഒരു സഖ്യം ഇപ്പോൾ ഇറ്റലിയിൽ സ്ഥാപിതമായിട്ടുണ്ട്. രാത്രി ഏ മണിമുതൽ കാലത്തു് ഒ മ ണിവരെയാണ് ആരാധനയ്ക്കുള്ള സാധാരണസമയം. ഇതിനുള്ളിൽ ഏതെ ങ്കിലും ഒരു മണിക്കൂർ നിശ്ചയിച്ചു് ആരാധന നടത്തേണ്ടതാണ്. ഓരോ

മണിക്കൂർ മാറി മാറി ഓരോരുത്തർ ആരാധിക്കയൊ അല്ലെങ്കിൽ ഏതെങ്കിലും ഒരു മണിക്കൂറിൽ കൂടുംബാംഗങ്ങളും എല്ലാവരും കൂട്ടമായി ആരാധിക്കയോ സൗകര്യംപോലെ ചെയ്യാവുന്നതാണ്. സഖ്യത്തിൽ ചേർന്ന് ഒരു മണിക്കൂർ ഇങ്ങനെ ആരാധിച്ചശേഷം മാപ്പ്പ്പായുടെ നിയോഗപ്രകാരം ഫ്ര. ഫ്ര. ന. ഫ്രത്രി. ചൊല്ലിയാൽ പൂർണ്ണ ദണ്ഡവിമോചനവും പ്രാപിക്കാം. ഈ സഖ്യത്തിൽ ചേരാനാഗ്രഹമുള്ളവർ തങ്ങളുടെ പേരും, ആരാധന കഴിപ്പാൻ തിരഞ്ഞെടുത്തിരിക്കുന്ന–തീയതി–മണിക്കൂർ ഇവയും നിശാരാധനാ ഡയറക്ടർ,പാറേൽ പള്ളി, ചങ്ങനാശേരി എന്ന മേൽവിലാസത്തിൽ എഴുതി അയച്ചാൽ മതി.

ക്രീസ്തുഭടന്മാരെ! ഈ ഭക്തകൃത്യംവഴിയായി നമ്മുടെ സ്നേഹംനിറഞ്ഞ കർത്താവിനുണ്ടാകുന്ന ആശ്വാസം എത്രയധികമായിരിക്കും! നമുക്കു ലഭിക്കാവുന്ന അനുഗ്രഹങ്ങൾക്കു കണക്കുണ്ടൊ? എത്ര പാപികളും ധൂർത്തപുത്രന്മാരും പിതൃഭവനത്തിലേക്കു പിന്തിരിയും; എത്ര കുരുടാത്മാക്കൾക്കു സത്യദീപം ലഭിക്കും! മന്ദഭക്തരായ എത്രയാളുകൾ തീക്ഷ്ണതയുള്ളവരായിതീരും! ആകയാൽ നല്ല ഈശോയുടെ ക്ഷണത്തെ നമുക്കു സന്തോഷപൂർവ്വം സ്വീകരിക്കാം. അങ്ങയോടുകൂടി അല്പമെങ്കിലും ഉണർന്നിരുന്ന് മരണദുഃഖത്തിൽ നിമഗ്നമായിരിക്കുന്ന അങ്ങേ പൈതൃകഹൃദയത്തെ ആശ്വസിപ്പിക്കാം. ഗദ്സേമനിയിൽവച്ച് ഒരു ദൈവദൂതൻ പ്രത്യക്ഷനായി കർത്താവിനെ ആശ്വസിപ്പിച്ചതുപോലെ ഇപ്പോഴും നമ്മുടെ ദേവാലയങ്ങളിലും ഭവനങ്ങളിലും അങ്ങെ ആശ്വസിപ്പിക്കുന്ന ദൈവദൂതന്മാരുടെ സംഖ്യ വർദ്ധിക്കട്ടെ. ഇപ്പോൾ ചെയ്യുന്ന പരിത്യാഗങ്ങളുടെ വില മരണശയ്യയിൽ ഇവർക്കു അനുഭവവേദ്യമാകയും ആശ്വാസപ്രദനായ മാലാഖയെ ഇവർക്കു ലഭിക്കയും ചെയ്യും.

ഒരൈതിഹ്യം.

വെരി റവ: ഫാദർ ജോസഫ് പയ്യനാട്ട്.

തോട്ടങ്ങളുണ്ടാക്കി മുന്തിരിച്ചെടികൾ ആദ്യമായിട്ട് കൃഷി ചെയ്‌വാൻ തുടങ്ങിയതു പൂർവ്പിതാവായ നോഹ് ആയിരുന്നു. ജലപ്രളയാനന്തരമായിരുന്ന ഇദ്ദേഹം ഈ കൃഷിക്കുദ്യുക്തനായതു്.

മുന്തിരിച്ചെടികൾ തോട്ടത്തിൽ നട്ടുകൊണ്ടിരുന്നപ്പോൾ അപരിചിതനായ ഒരാൾ ഇദ്ദേഹത്തിന്റെ പക്കൽ വന്നു്, താനെന്താണിപ്പോൾ ചെയ്യുന്നതു് എന്നു് നോഹിനോടു ചോദിച്ചു.

താൻ മുന്തിരിച്ചെടികളം നട്ടുപിടിപ്പിക്കുകയാകുന്നുവെന്നു് നോഹ് അയാളോടു പറഞ്ഞു. എന്തിനായിട്ടാണു് താനിതു നട്ടുപിടിപ്പിക്കുന്നതു് എന്നു് അപരിചിതൻ വീണ്ടും ചോദിച്ചു. ഇതിന്റെ പകപഫലത്തിൽ നിന്നെടുക്കുന്ന ദ്രാവകം പാനം ചെയ്വാനായിട്ടാണെന്നു് നോഹ് ഉത്തരം പറഞ്ഞു. അതു പാനംചെയ്താലുള്ള ഗുണമെന്താണെന്നറിയാമോ എന്നു് അപരിചിതൻ വീണ്ടും ചോദിച്ചു. അതു മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുമെന്നു് നോഹ് പറഞ്ഞു.

അനന്തരം ആ അപരിചിതൻ തോട്ടത്തിലേക്കു ഒരാടിനെ കൊണ്ടുവന്നശേഷം ഗളച്ഛേദംചെയ്തു് രക്തം നിലത്തു വീഴ്ത്തി. പിന്നീടു ഒരു സിംഹത്തേയും ഒരു പന്നിയേയും കൊണ്ടുവന്നു് അപ്രകാരംതന്നെ ചെയ്തു. ഇതിങ്കൽ, ആശ്ചര്യപരതന്ത്രനായ നോഹ്, ഇങ്ങനെ പ്രവർത്തിച്ചതിന്റെ താല്പര്യമെന്താണെന്നു് അപരിചിതനോടു ചോദിച്ചു. ഈ ചെടിയിൽ നിന്നും പാനം ചെയ്യാതെയിരിക്കുന്നവൻ ആടിനെപ്പോലെ സൌമ്യനും നല്ലവനുമായിരിക്കും. മിതമായിട്ടു് പാനംചെയ്യുന്നവൻ, സിംഹത്തേപ്പോലെ ബലമുള്ളവനും ധൈര്യശാലിയുമായിരിക്കും. അമിതമായി ഉപയോഗിക്കുന്നവൻ, പന്നിയെപ്പോലെ കീഴ്പോട്ടുമാത്രം--നീചസന്തോഷങ്ങളിലേക്കുമാത്രം--ചിന്തിക്കുന്നവനും, കാമാതുരനും, വൃത്തിഹീനനും, ദുർമ്മാർഗ്ഗിയുമായിരിക്കും. ജ്ഞാനകണ്ണുകൾക്കു് അവന്റെ ദൃഷ്ടി പതിയുകയില്ല. ഇത്രയും പറഞ്ഞശേഷം ഭയങ്കരരൂപധാരിയായി തൽക്ഷണം അപരിചിതൻ അപ്രത്യക്ഷനായി. തൽക്ഷണമുണ്ടായ ഈ രൂപഭേദവും അപ്രത്യക്ഷതയും ഹേതുവാൽ മനുഷ്യരൂപം ധരിച്ചുവന്നിരുന്ന ഒരു പിശാചിനോടാണു് താൻ സംഭാഷണം ചെയ്തിരുന്നതെന്നു് നോഹ് മനസ്സിലാക്കി.

മരിയാകീർത്തനം.

എൻ. സി, ദേവസ്യാ—മുട്ടാർ
('മത്താഡ' എ. മ.)

മാതാവേകൈവിടല്ലെ
പാപിയാമെന്നെ—മാതാവേ.....

1 ജന്മപാപത്തിനാടെ മാലിന്യമേശിടാതെ
ഇമ്മഹിയിൽജനിപ്പാൻ ഭാഗ്യംലഭിച്ചനാഥേ—മാതാവേ
2 സംസാരസാഗരത്തിൽ നീന്തിയുഴന്നീടുന്ന
ഇസ്സാധുജനങ്ങൾക്കു സന്തതംതുണചെയ്ക—മാതാവേ
3 ലോകത്തിൽനിന്നുഞങ്ങൾ വേർപെട്ടിടുന്നനാളിൽ
നാകത്തെഭേദമെന്യേ പ്രാപിച്ചിടുവാനായി—മാതാവേ
4 നിന്മാംസമായിടുമീ മേമാംസമതിലേറെറം
നിന്മകനോടെനിക്കായ് പ്രാർത്ഥിക്കവേണമമ്മേ—മാതാവേ

തങ്കമ്മയുടെ ദൈവവിളി.

റവ. ജോൺ കിഴക്കേത്തയ്യിൽ എസ്. ജെ. (കെർസിയോങ്ങ്)

ചുങ്കക്കടവിലെ തങ്കമ്മയ്ക്കു വയസ്സു പതിനാറായി. "അത്തുങ്കൽ വെളുത്തച്ചൻ"ര, നേന്ന 'പൊന്നാംകഴുന്നി'ൻെറയും മറവു തീവ്രപ്രയത്നനയുടെയും ഫലമായി മാതാപിതാക്കന്മാരുടെ കടന്ന പ്രായത്തിൽ ഉണ്ടായ ഏക പെൺകുഞ്ഞു തങ്കമ്മ എല്ലാവരുടേയും 'ഓമനക്കുടം' ആയിരുന്നൊന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. അപ്പച്ചൻതന്നെ കുഞ്ഞിനെ നിലത്തെങ്ങും വച്ചല്ല വളത്തിവന്നതു്. അതുകൊണ്ടാണു് പേരും തങ്കമ്മയെന്നായതു്. എങ്കിലും തങ്കമ്മയുടെ അമ്മ കുട്ടികളെ വളത്തുന്നതിൽ അതിസാമർത്ഥ്യമുള്ള വളായിരുന്നതിനാൽ, തങ്കമ്മയെ ചെറുപ്പത്തിൽ തന്നെ വീട്ടുജോലികളും പഠിപ്പിച്ചെന്നു മാത്രമല്ല, ഒരു നല്ല കുത്തോലിക്കുകുഞ്ഞിനു അവശ്യമായിരുന്ന സകലസംഗതികളും പരിശീലിപ്പിക്കയും ചെയ്തു. തങ്കമ്മ അപ്പച്ചൻെറ 'പൊന്നുങ്കുടം' ആയിരുന്നെങ്കിലും, ഈശോമിശിഹായുടെ ഒരു വാത്സല്യകുഞ്ഞാകുവാൻ മറന്നുപോയില്ല. കുട്ടിക്കാലത്തു തന്നെ 'വേദോപദേശം നല്ലവണ്ണം പഠിച്ചു', അടുത്തുള്ള കന്മലീത്താകന്യാസ്ത്രീകളുടെ സഹായംമൂലം ഏഴുവയസ്സിൽതന്നെ ആദ്യകുർബാനയും കൈക്കൊണ്ടു. അതിൻെറ ശേഷംഅപ്പച്ചനു് അത്ര സമ്മതമില്ലായിരുന്നെങ്കിലും, അമ്മച്ചി

യുടെ നിർബന്ധംമൂലവും, തങ്കമ്മയുടെ അതിയായ ആഗ്രഹംകൊണ്ടും തങ്കമ്മയെ മഠംവക പള്ളിക്കൂടത്തിൽ ആക്കി മഠത്തിൽതാമസിപ്പിച്ചുപഠിപ്പിക്കുവാനും തുടങ്ങി. ഇങ്ങനെ തങ്കമ്മ ഈ നല്ല കന്യാസ്ത്രീകളുടെ പരിലാളനയിൽ വളർന്നു ബുദ്ധിയിലും ഭക്തിയിലും മറുകുട്ടികളെ എല്ലാം പിന്നിലാക്കി. തങ്കമ്മ പള്ളിക്കൂടത്തിലെ എന്നുമല്ല കന്യാസ്ത്രീമഠത്തിലെക്കുടെയും ഓമനവിഷയമായിത്തീർന്നു. ഈ ഓമനനയം തങ്കമ്മയെ ഒരു വിധത്തിലും വഷളാക്കിയെന്നു വായനക്കാർ തെറ്റിദ്ധരിക്കരുതു്. അതിരുകവിഞ്ഞു പ്രവർത്തിക്കാതിരുന്നാൽ ലാളനയും, ദോഷമായി പരിണമിക്കയില്ലല്ലോ. 'ഏറെ കിഴക്കോട്ടുപോയാലെ പനി പിടിക്കയുള്ളല്ലോ'!

ആണ്ടുതോറും തങ്കമ്മ അവധിക്കാലത്തു് വീട്ടിൽ പോവുകയും, മാതാപിതാക്കന്മാരോടും ബന്ധുമിത്രാദികളോടും കൂടി ചില മാസങ്ങൾ കഴിക്കയും പെയ്തുവന്നു. ഒടുവിൽ തങ്കമ്മ തന്റെ പതിനാറാമത്തെ വയസ്സിൽ ഇംഗ്ലീഷ് എട്ടാം ക്ലാസ്സിൽ സക്കാർ പരീക്ഷയും കഴിഞ്ഞു് നോമ്പിന്റെ അവസാനത്തോടുകൂടി വീട്ടിൽ വന്നു നില്ക്കുന്ന സമയമാണു്. തങ്കമ്മ വീട്ടിൽ വരുന്നതിനു മുമ്പേ മകളുടെ ഭാവിയെപ്പറ്റി അപ്പച്ചൻ വേണ്ടതു കാര്യങ്ങൾ ആലോചിച്ചു നിശ്ചയിക്കാതിരുന്നില്ല. തങ്കമ്മയെ കഴിയുന്നതും വേഗത്തിൽ കല്യാണം കഴിപ്പിച്ചു വീട്ടിൽതന്നെ നിറുത്തണമെന്നായിരുന്നു കാരണോരുടെ അതിയായ ആഗ്രഹം. എന്നാൽ ഈ വിഷയത്തിൽ പെണ്ണിന്റെ നിശ്ചയം എന്താണെന്നു ചോദിച്ചിട്ടുപോലും ആവശ്യമില്ലെന്നാണു് കാരണവരുടെ വാദം. ഈ മഹാ മൂഢതയാൽ നമ്മുടെ നാട്ടിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന നാശഫലങ്ങൾ ആരാൽ പറഞ്ഞറിയിക്കട്ടെ. കല്യാണജീവിതത്തിനു വിളിയില്ലാത്തവരെ, അഥവാ ഉണ്ടെങ്കിൽ തന്നെയും, തങ്ങൾക്കിഷ്ടമില്ലാത്തവരുമായി, തല്ലിപ്പഴപ്പിച്ചു് കല്യാണത്തിനു സമ്മതിപ്പിച്ചു് ഒടുവിൽ എത്രയോ കുടുംബങ്ങളിലാണു് അന്തഃഛിദ്രങ്ങളും അവമൃത്യുകളും നടക്കുന്നതു്. വിഷമുള്ള സാധനങ്ങളുപയോഗിച്ചും മറുവിധത്തിലും ആത്മഹത്യ വരുത്തുന്ന പെണ്ണുങ്ങളുടെയും, ദേശംവിട്ടുപോവുകയും അഥവാ തന്നത്താൻ തൂങ്ങിച്ചത്തുകളയുകയും ചെയ്യുന്ന ആണുങ്ങളുടെയും കഥകൾ നാം ചിലപ്പോഴെല്ലാം കേൾക്കാറില്ലെ. പിന്നീട ദൈനംദിനം എന്നപോലെ ചില കുടുംബങ്ങളിൽ നടക്കുന്ന അടിപിടിയും, കുടിപിടിയും, കള്ളുകുടിയും കടിപിടിയും ഇവിടെ വിവരിച്ചിട്ടാവശ്യമുണ്ടോ. ഈ സംഗതികൾ പാപ്പച്ചൻ അല്പം മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ വിധം തീരുമാനിക്കയില്ലായിരുന്നു.

ഈ ആഗ്രഹത്തെ നിറവേറുവാൻ തനിക്കു സഹായമായി 'കൊല്ലനാരാജാവിനു തിന്നുന്ന മന്ത്രി, കണക്കേ കൂകുൻ പറമ്പിലെ തൂപ്പൻ ചീക്കുവും അടുത്തു കൂടി. ഈ വിദ്വാനെപ്പറ്റി വായനക്കാർ അല്പമൊന്നു

അറിഞ്ഞിരിക്കുന്നതു് രസകരമായിരിക്കും. തുരപ്പൻ ചീക്കുവിനു ഇപ്പോൾ നാല്പത്താറുവയസ്സു നടപ്പും, മുപ്പത്താറുവയസ്സു നടിപ്പും, അൻപത്താറു വയസ്സു മതിപ്പുമുണ്ടു്. ചീക്കുനെ കണ്ടാൽ പട്ടിക്കുടെ കഞ്ഞികുടിക്കയില്ലന്നാണു് നാടെങ്ങും പറഞ്ഞുവരാറുള്ളതു്. ഇതിനുകാരണം ചീക്കുന്റെ ആകൃതിവിശേഷം മാത്രമല്ല സ്വഭാവഗുണവും കൂടിയാണു്. 'വയിറ്റാട്ടി'യുടെപിള്ളതിരുമ്മുകൊണ്ടു് അന്നല്ലം നീണ്ടുപോയ ചീക്കുന്റെ പാരത്തലയും, അമ്മച്ചിയുടെ അതിവാത്സല്യമുണ്ണനമേറ്റു മുട്ടിപോലെ പരന്നുപോയ മൂക്കും, ചില നല്ല തെമ്മാടികളുടെ ചീത്തമര്യാദമൂലം വായിലടങ്ങാതെ വെളിക്കു നിന്നിരുന്നതിനാൽ അടിച്ചൊടിച്ചുകളഞ്ഞ നാലുമുൻപല്ലിന്റെ അവശിഷ്ടവും, അടിയുടെ ഉഗ്രതമൂലം ഇടത്തുവശംതിരിഞ്ഞു കമ്പിളകോട്ടിയതുപോലെയിരിക്കുന്ന ചുണ്ടുകളും, 'തിരുമേനിയുടെ മനമങ്ങും മിഴിയിങ്ങും, എന്നുപറഞ്ഞതുപോലെ വടക്കോട്ടു മുഖംതിരിക്കുമ്പോൾ കിഴക്കോട്ടു ദൃഷ്ടിപതിക്കുന്ന കൺമിഴികളും ചീക്കുന്റെ സൌന്ദര്യത്തിനു പോരായ്മയോ എന്നു തോന്നുമാറു, അസൂയ, അതിമോഹം, അപഥം മുതലായ ചീക്കുന്റെ മഹനീയഗുണങ്ങളെല്ലാം ഉരുണ്ടുകൂടി, മുട്ടിന്റെ താഴെവച്ചുണ്ടായ ഒരുവലിയപരുവുപൊട്ടിമാംസമാത്രമല്ലഅസ്ഥികൂടി അല്പം ദ്രവിച്ചു പുറത്തുചാടിപ്പോയതിനാൽ 'തൊത്തത്തിന്തകരത്തോം എന്നു തൊണ്ടിക്കുരിയെപ്പോലെ മോടിവയ്ക്കുന്ന മുണ്ടാണിക്കാലുംകൂടിയപ്പോൾ ചീക്കുന്റെ ആകൃതി വിശേഷം പരിപൂർണ്ണമായി. 'സുന്ദരമായ ആകൃതിസുകുമാരപ്രകൃതിയുടെ പ്രതിഫലനമാണു്', എന്ന മഹത്വാക്യം വാസ്തവമാണെങ്കിൽ ചീക്കുന്റെ സൌന്ദര്യം ഇതിലധികം നന്നാകാനില്ല. ചീക്കുനോടുള്ളപിള്ളേരുടെ അതിവാത്സല്യം കൊണ്ടു മൂപ്പീനിൽ ഓമനപ്പേരും ഒട്ടും കുറവല്ല. 'തുരപ്പൻ എന്നാപേരാണു് സാധാരണനടപ്പിലിരിക്കുന്നതു്. എങ്കിലും നാരദനെന്നും, കുത്തമ്പനെന്നും, തറവാട്ടുമോഷി' യെന്നും സ്ഥാനപ്പേരുകളും ഇല്ലാതില്ല. ഈ വിദ്വാനു് വീട്ടിൽ ജോലിയില്ലാത്തതിനാൽ 'പുരക്കാവുകളിൽ 'വേല' തുള്ളുമ്പോൾ താളത്തിനനുസരിച്ചു കുടപൊക്കിയും താളത്തിയും മോടിവയ്ക്കുന്നതുപോലെ ഒന്നോമുക്കാൽ കാലിന്മേൽ നാടെല്ലാം ഞൊണ്ടിനടന്നു്, അന്യവരെ കണ്ടിൽചാടിക്കാൻ കഴിതോണ്ടുന്നതിലും, പ്രായപൂർത്തിവന്ന പെൺപിള്ളേക്കു ചെവുക്കനെ കഴുത്തിൽകെട്ടിവയ്ക്കുന്നതിലും, തന്മൂലംഅനേകംയുവദമ്പതിമാരെ ആജീവനാന്തം കണ്ണുനീർ കുടിപ്പിക്കുന്നതിലും അതീവവ്യാപൃതനായിരുന്നു. കല്യാണം കഴിച്ചിട്ടില്ലാത്ത സകല യുവതീയുവാക്കന്മാരുടെയും ദൈവവിളി നിശ്ചയിക്കേണ്ടതു് ചീക്കുന്റെ പ്രത്യേക 'ലൈസൻസിൽ, പെട്ടതാണു്. ഈ ദൈവവിളി നിശ്ചയിക്കുന്നതിൻള്ള മാനദണ്ഡം, "നെല്ലും പതിരുമാണു്. കണ്ടറിയും പുരയിടവുള്ള എല്ലാവീട്ടിലെ ആൺപിള്ളേരും, പെൺകുഞ്ഞു

ങ്ങളും കല്യാണം കഴിച്ചുകൊള്ളണം. ആണും പെണ്ണും കെട്ടവരും, കഞ്ഞികുരിയിലൊത്തവരും മാത്രം അച്ചന്മാരും കന്യാസ്ത്രീകളും".

എന്താരാക്കേട്ടണ്ടോ! മൂഢാ! ഇതാണോനി പഠിച്ചുവച്ചിരിക്കുന്നതു്. നീ കായേനേക്കാൾ പരമ ദുഷ്ടൻതന്നെ. ദൈവത്തിനാസമപ്പിക്കുന്നതു് പതിരും പച്ചയും! ലോകത്തിനോ എല്ലാത്തിലും ഒന്നാംതരം!!! ചുമ്മാതാണോ കുതിരയ്ക്കുകൊമ്പും, അട്ടയ്ക്കുകണ്ണും ദൈവംകൊടുക്കാത്തതു്

"ചാപല്യമുള്ളവൻ ഭാസ്വായാൽജന്മ-
സാഫല്യമില്ലവിനാശവുംനിർണ്ണയം"

ഇപ്രകാരമുള്ള ചീക്കുവാണു് ചുങ്കക്കടവിലെ തങ്കമ്മ പഠിത്തം കഴിഞ്ഞു വീട്ടിൽ എത്തിയിരിക്കുന്നുവെന്നും ചെറുക്കനെ തേടുന്നതിൽ കാര്യമായൊരു തടസ്സപ്പെടുന്നുവെന്നും കേട്ടു്, അതിശീഘ്രം കാര്യക്കാരുടെ ക്ഷണമില്ലാതെ തന്നെ ചുങ്കക്കടവിൽ ഓടി എത്തിയതു്. കാര്യക്കാരു പാപ്പിച്ചൻ ചീക്കുനെ കണ്ടതും 'ആ ചീക്കുച്ചാ, നല്ലവേളയ്ക്കു ചീക്കുച്ചനും വന്നു. ചീക്കുച്ചനെ കാണണം കാണണം എന്നു ഞാൻ വിചാരിച്ചുകൊണ്ടിരിക്കാരുന്നു, അപ്പം 'തേടിയവള്ളി കാലിൽ ചുറ്റീന്നു പറഞ്ഞാമതീല്ലോ. ചീക്കുച്ചനും വന്നു....എടീ! തങ്കമ്മേ, ചീക്കുച്ചനു ഇരിക്കാൻ ഒരു 'കൊറണ്ടി, കൊണ്ടാ, ആ വൊറില വെല്ലോം, കരണ്ടുകോം ഇങ്ങോട്ടെട്ത്തേ, ...ചീക്കുച്ചാ ഇതാ കൊരണ്ടി മാറീട്ടിരിക്കേ, എനിട്ടൊന്നു നല്ലോണ്ണം മൂക്കു്...ചീക്കു, പാപ്പിച്ചന്റെ ക്ഷണമനുസരിച്ചു. കോലാട്ടു, കോട്ടാവിട്ടന്നതുപോലെ, കോടിയ കിറി ഒന്നുകൂടെ കോട്ടി, മുറിപ്പല്ലു നാലും പുറത്തുചാടിച്ചു് ഒരുപച്ചച്ചിരിചിരിച്ചു. 'കൊരണ്ടി' കൊണ്ടുവന്ന തങ്കമ്മയെ, മുഖം പാപ്പിച്ചന്റെ നേരെ തിരിഞ്ഞിരുന്നുവെങ്കിലും, ഇടത്തോട്ടു ദർശനമായിരുന്ന ഓട്ടക്കണ്ണുകൊണ്ടു ഒന്നു നല്ലവണ്ണം നോക്കി പാരത്തല ഒന്നു കുലുക്കി 'കൊള്ളാം പെണ്ണു വേണ്ടല്ല, കാര്യം ഞാൻ എടുപ്പത്തി പറഞ്ഞേക്കാം, എന്നു വായിൽ മന്ത്രിച്ചു്, പാപ്പിച്ചന്റെ അടുത്തു കൊരണ്ടിപ്പുറത്തു, ഏറുകൊണ്ട പട്ടിയെപ്പോലെ മുണ്ടാണിക്കാൽ മടക്കി മുറുക്കാലിന്റെ പിന്നിൽ ചേർത്തു ആസനം ഉറപ്പിച്ചു.

"പാപ്പിച്ചാ, എനിക്കു കാര്യം മനസിലായി. ഞാനേ, തങ്കമ്മ വീട്ടി വരുന്നേനു മുമ്പേ, കാര്യം എല്ലാം ആലോയിച്ചുറപ്പിച്ചു; മെമ്മടെ തങ്കമ്മയ്ക്കു ചേന്ന ഒരു ചെറുക്കൻ അച്ചിലിട്ടവാർത്തപോലെ ഹാ, പാപ്പിച്ചാ, രണ്ടുപേരേം ഒരുമിച്ചുകണ്ടാ, ഒരപ്പനുമപിറന്ന മക്കളാണോന്നുതോന്നും. അരച്ചുചേർത്താപ്പോലെ ഒന്നാരിക്കും. ചെറുക്കനു നല്ല പടിപ്പൊണ്ടു. ഇങ്കിരീശിലെ, അവൻ, തമ്മാരിക്കുനാകേട്ടാ ഇങ്ങനെ 'കാച്ചു പീച്ചെന്നു'പറഞ്ഞു വെള്ളക്കാരൻ തായ്പിനേപ്പോലും തോപ്പിക്കുവെ

ന്നതോന്നും. ചുമ്മാതാണോ; ത്രിച്ചനാപ്പള്ളി, കാളേശിലല്ലേ പൊ
ക്കൻ പടിച്ചിരുന്നേ! ബി-എ-ക്കു പരീക്ഷകൊടുത്തിട്ടു ഇപ്പം വീട്ടി
വന്നു നിക്കാണു്. പരീക്ഷയി, നിച്ചയമായി ജയിക്കുമെന്നാ പിള്ളേരെ
ല്ലാം പറേന്നെ. പിന്നെ പൊക്കന്റെ വീട്ടുകാരു കൂപേരമ്മാര്. പ
ഴേ തരകന്മാരുടെ കൂട്ടമക്കാര്. പൊക്കന്റെ പേരു തങ്കപ്പാന്നു്.
തങ്കപ്പന്റെ നെറോം, മൊകപാവോമെല്ലാം നമ്മുടെ തങ്കമ്മക്കുഞ്ഞിനെ
പ്പോലെ തന്നെ. അവൻ, തങ്കമ്മയ്ക്കായിട്ടു വാരിത്തൂത്തതാണോന്നതോ
ന്നും.

പാപ്പിച്ചൻ:— 'ആ ചീക്കുച്ചാ, ചീക്കുച്ചനെത്ര വിദ്വാൻ. ആള്
തരക്കേടില്ല; ഇങ്ങനെയുള്ളോരല്ലേ കൂട്ടുവേണ്ടതു്. ചീക്കുച്ചാ, ഇന്നു
ചീക്കുച്ചനു ഇവിടത്തന്നെ ഊണു്. എടീ! തങ്കമ്മേ, ഇന്നു ചീക്കുച്ചനു
ടെ കരുതി അരിയിട്ടോണം. ഊണിവിടെയാ. ഒരു കോഴിയേം കൊന്നു
പൂടപറിച്ചു കറിവെച്ചോണം കേട്ടോ. പൊരുപ്പത്തിൽ ചീക്കു ഇരുനാഴി
യരിയുടെ ചോറു ഇരുനാലെട്ടുകളയായി വട്ടിവയറിൽ പൊലുത്തിയിരുന്നു
രീതി വിട്ടു, കുറച്ചുപ്രായം ചെന്നതോടെ അധികം ക്ഷീണിക്കാതിരക്കാൻ,
ഈരണ്ടനാലായിട്ടാണു് അകത്തുകടത്തുക പതിവു. ഇങ്ങനെ അനേക
ഇരുനാഴികേം അകത്തുപോകുന്നതുകൊണ്ടാണു് അരി കരുതിയിട്ടോണമെ
ന്നുകാന്നോരു കല്പനകൊടുത്തതു്.....'അപ്പം ചീക്കുച്ചാ, തങ്കപ്പന്നു സ്ത്രീ
ധനം എന്നാകൊടുക്കണം?

ചീ:— അതെല്ലാം ഞാൻ പറഞ്ഞു പരിപ്പുടത്തി. ചീക്കു പടിച്ചി
ട്ടില്ലാത്ത വിദ്യയൊണ്ടോ പാപ്പിച്ചാ! ഞാനും തങ്കപ്പന്റെ അപ്പനുമാ
യി ഒരു വല്യവാക്കുതർക്കം ഒണ്ടായി. ഒടുവി, ഞാൻ മൂപ്പീന്നിനെ പറ
ഞ്ഞു ചായ്ച്ചേകേറി. മൂവായിരം രൂപായിയ്ക്കു സമ്മതിപ്പിച്ചു.

പാ:— അത്രേ ഒള്ളോ, ആ അതിനെന്താ എനിക്കു ഒരേഒരു പെങ്കു
ഞ്ഞേഒള്ളൂ. മൂവായിരം രൂപാ കൊടുക്കാൻ ഞാൻ തയാറാണു്. അപ്പം
കല്യാണം എപ്പഴാ ചീക്കുച്ചാ. കഴിയുന്നേം വേഗം വേണം കേട്ടോ ചീക്കു
ച്ചാ. ചീക്കുച്ചനും നല്ല 'കൈമടക്കു, ഞാൻ നിച്ചയിച്ചിട്ടുണ്ടു്. "കൈ
മടക്കു്", എന്നു കേട്ടപ്പോഴം ചീക്കുന്റെ കോങ്കണ്ണുവട്ടമിട്ടു. പലകുപ്പല്ല
വെളിക്കു ചാടി. "നോക്കിയതു കുറിക്കുകൊണ്ടു" എന്നു തന്നത്താനെ മ
ന്ത്രിച്ചു.

ചീ:—അതിനെന്താ തരക്കേട്ടു പാപ്പിച്ചാ, നാളെത്തന്നെ പൊക്ക
ന്റെ വീട്ടുകാരുവന്നു കല്യാണം പറഞ്ഞൊറപ്പിച്ചു, അടുത്തഞായറാഴ്ച കുടിക്കാ
ഴ്ച നടത്താമല്ലോ. ഞാനിപ്പത്തന്നേ പോയി കാര്യം പരിയാക്കാം.

പാ:—(ചീക്കുന്റെ കൈയ്യ പിടിച്ചു) ഇരിക്കു്, ഇരിക്കു്, ചീക്കു
ച്ചാ, ഇരിക്കു്, പോവുണ്ടിട്ടു പോയാമതി. നല്ലകോഴിക്കറിയൊണ്ടു്,

ചീക്കുച്ചൻ ഉണ്ടശേഷം കുറച്ചുനാശ്വസിക്കേംവേണം. പിന്നീട്ട അടുത്തുണ്ടായിരുന്ന പെല്ലത്തിന്റെ കള്ളിയിൽ നിന്നു ഒരഞ്ചുരൂപാനോട്ടെടുത്തു ചീക്കുച്ചന്റെ കൈയ്യിൽ കൊടുത്തു. "ഇതാ ചീക്കുച്ചാ, ഇതുചീക്കുച്ചനു ഒരു നല്ലമുണ്ടും കവണിക്കും. ശേഷം പിന്നാലെ. ചീക്കു നോട്ടവാങ്ങി മടിയിൽ വച്ചിരുന്ന 'പുകലപ്പുള്ള, തുറന്നു അതിൽ ഭദ്രമായി നിക്ഷേപിച്ചു മടിയും മുറുക്കിക്കുത്തി. "ഇനിനമുക്കെന്താ, തങ്കമ്മയും തങ്കപ്പനും തമ്മിത്തല്ലിതലകീറട്ടെ. തങ്കപ്പൻ കള്ളും ചാരായോം കുടിച്ചുവന്നതങ്കമ്മയുടെ തലയ്ക്കുപിടിച്ചു നിലത്തടിച്ചു വിളഞ്ഞോന്നു നോക്കട്ടെ. നമുക്കു കിട്ടാനുള്ളതു കിട്ടിയല്ലോ, ഇതായിരുന്നു പരമേഷ്ടൻ ചീക്കുന്റെ വീചാരപരമ്പരകം.

'ഒരുത്തൻ പാപകമ്മംചെയ്തീടുന്നതിൻഫലം
പരക്കെയുള്ളമഹാജനങ്ങടംക്കൊക്കെത്തട്ടും,

ഇതിനിടയിൽ തളത്തിൽ ആരോ ഏങ്ങലടിച്ചു കരയുന്നശബ്ദം കേട്ടു. തങ്കമ്മയുടെ സ്വരം പെട്ടെന്നു മനസ്സിലാക്കി പാപ്പച്ചൻ ഓടിവന്നു തങ്കമ്മയെകെട്ടിപ്പിടിച്ചു 'അയ്യോ തങ്കമ്മേ, എന്തുപറ്റി തങ്കമ്മേ, എന്നു അതിവാത്സല്യത്തോടെ ചോദിച്ചു. ചീക്കുവും ഇതിനകം വയലിൽ തത്തിനടക്കുന്ന 'തുത്തുകുണുക്കി, പക്ഷിയെപോലെ 'ചട്ടോ', ചടന്തോ, എന്നു തുള്ളി തുള്ളി ദേഹമാസകലം വിറപ്പിച്ചു ഓടി എത്തി. അപ്പോഴാം തങ്കമ്മ, ചീക്കുന്റെയും അപ്പച്ചന്റെയും വർത്തമാനമെല്ലാം ശ്രദ്ധിച്ചു കേട്ടതിനാൽ "അയ്യോ അപ്പച്ചാ, എനിക്കു ഒരു കന്യാസ്ത്രീയാകാനാണ് മനസ്സു്. എനിക്കു കല്യാണം കഴിക്കണ്ട. ഞാൻ പത്തുവയസ്സുമുതൽ കന്യാസ്ത്രീ ആകണമെന്നു ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഈ ആറുവർഷങ്ങളായി ഞാൻ അതിനു പ്രാർത്ഥിച്ചുകൊണ്ടാണിരിക്കുന്നതു്. അപ്പോഴും അപ്പച്ചൻ ഇങ്ങനെ എന്റെ സമ്മതം ക്രൂടാതെ എന്നെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ തുടങ്ങുന്നതെന്തിനാണ്. അയ്യോ അപ്പച്ചാ, ചെറുക്കന്റേയും പെണ്ണിന്റേയും മനസ്സുകൂടാതെകല്യാണം നടത്തിഎത്രവലിയനാശങ്ങളാണ് നമ്മുടെ ഈ നാട്ടിൽ തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ ചീക്കുച്ചൻ മൂലം നടത്തിയ നമ്മുടെ തെക്കേക്കുറേറ കല്യാണത്തിന്റെ ഫലം എങ്ങനെയാണെന്നു കണ്ടില്ലേ. പെണ്ണിനു മനസ്സില്ലാതെ കള്ളുകുടിയൻ തോമ്മായെക്കൊണ്ടു കല്യാണം കഴിപ്പിച്ചു ഒടുവിൽ അവൻ അവളെ ഇടിച്ചുപിഴിഞ്ഞു് ഇഞ്ചുപ്പരുവമാക്കികൊല്ലാതെ കൊന്നതു് അപ്പച്ചനു അറിയാമ്മേലേ. കുതിരമുക്കിലെ ഏലി മാപ്പിളേടെ ശല്യം പൊറുക്കാമ്മേലാഞ്ഞിട്ടു നഞ്ചുതിന്നു ചത്തതും അപ്പച്ചൻ കേട്ടില്ലേ.

എന്നിട്ടാണോ ഇതൊന്നും നോക്കാതെ എനിക്കു വിരോധമായി എന്നെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ അപ്പച്ചൻ പോകുന്നതു്. അയ്യോ അപ്പച്ചാ എനിക്കു ഒരുകന്യാസ്ത്രീയാകണം" എന്നുപറഞ്ഞു വീണ്ടും കണ്ണീർപൊഴിക്കുവാൻ തുടങ്ങി.

പെണ്ണിന്റെ വർത്തമാനംകേട്ട ചീക്കു 'മഞ്ഞളരച്ചെ'ങ്കിലും താൻ പിടിച്ചിടം ജയിക്കണമെന്നുള്ള ദുഷ്ടവിചാരത്തോടെ, അവൻ അടുത്തുവന്നുനിന്നു്, വെള്ളരിക്കണ്ടത്തിൽ കുത്തിയ 'കോലം'പോലെ പാപ്പിച്ചന്റെ നേരെ ചില വികൃത ഗോഷ്ടികളും കൈക്രിയകളും കാണിച്ചുതുടങ്ങി. പാപ്പിച്ചൻ ഇതിന്റെ അർത്ഥം മനസ്സിലാക്കി, മൂർഖൻപാമ്പിനെപ്പോലെ, മൂക്കറത്തു കോപംകൊണ്ടു, ചീറി ഈ വിധം തുടങ്ങി.

"എടീ തങ്കേ, നിന്നെ ഇതിനാണോ ഞാൻ ഇതുവരെ വളർത്തിയേ, അപ്പനതന്നെ ഞാൻ നിന്റെ അമ്മയോടു പറഞ്ഞില്ലേ; ഇവളെ മടത്തിലയയ്ക്കുന്നതുനാശമാണു്. പിള്ളരെ മടത്തിലയച്ചാൽ പൈത്തൃന്യം പിടിച്ച കന്യാസ്ത്രീകളു് അതും ഇതും പറഞ്ഞു അവരെ മയക്കി മടത്തി ചേർക്കാൻ നോക്കും. അമ്പമ്പോ, ചൂമാതാണെന്നോ മരുന്നോ മന്ത്രോം ഫലിക്കത്ത പൈത്തൃന്യപ്പിശാചുക്കളാണു് പെണ്ണുങ്ങളെന്നു പറേന്നെ; പോരെങ്കിലേ, പിള്ളേക്കു ചിലപ്പവെല്ലാം വെന്തിങ്ങായും കാശുതുപോം കൊടുത്തു അവരെ വശീകരിക്കേം ചെയ്യും. പിന്നെ പിള്ളേരു വീട്ടി വന്നാ അപ്പനമ്മമാരു പറഞ്ഞാ കേക്കുകേക്കുടില്ല. അമ്പമ്പോ, ഈ കന്യാത്തികളുടെ സൂത്രം നോക്കെണ്ടേ! നാലുപക്രുള്ള പിള്ളേരെ കണ്ടാ അവരോടു വല്യ പക്ഷം. വേണ്ടതും വേണ്ടാത്തതും അവരുടെ ചെവിയിൽ കുറുകുറുത്തു അവരുടെ മനസ്സു മറിച്ചു ഒരുവിധത്തിൽ തലമുണ്ടിടീക്കാൻ നോക്കും. പിന്നെ പത്തു മേനിയെന്നും, പാറ്റെന്നും മറ്റും പറഞ്ഞു വീട്ടിലുള്ള പക്രുമെല്ലാം മഠത്തിലാക്കും. പക്രുമെല്ലാം കയ്യിൽ കിട്ടിയശേഷം പെണ്ണിനു മണോമില്ല, ഗുണോമില്ല. ഒന്നിനും കൊള്ളാത്ത ജന്തു. ഇങ്ങനെയുള്ള കന്യാസ്ത്രീയാകാനാണോ ബുദ്ധിയില്ലാത്ത കഴുതേ നീ പോണെ. ഇതിനാണോ നിനക്കിത്രേം പടിപ്പൊണ്ടായതു്. പടിച്ചു പടിച്ചു പരണേകേറിയല്ലോടീ നീ. നോക്കടീ! നിനക്കു എത്ര ആയിരം രൂപായുടെ സമ്പാത്യം. നിനക്കു ലോകത്തിൽ നല്ലോണം വകുകിച്ചു ജീവിക്കാമ്മേലെ. നിന്റെ കഴുത്തിമാലവെക്കാൻ പോകുന്നോൻ ഒരു ബി. എ. ക്കാരനല്ലേ. അവനു എളുപ്പത്തിൽ വക്കീലുത്യോകംകിട്ടി മാസംതോറും ഫവറുപോലെ രൂപായും വന്നു തുടങ്ങുകേലെ! പിന്നെ നിനക്കെന്താടീ പഞ്ഞം! അപ്പനു നിനക്കു നല്ലോണം മോടിക്കു ജീവിക്കരുതോ. എന്താ ചീക്കുച്ചാ, ചീക്കുച്ചനു് എന്നുതോന്നുന്നു.?

"കണ്ണേ ജപമാക്കേ ചിത്തംകൊട്ടക്കുന്ന
മന്നാനേ സൗഖ്യം വരത്തില്ലൊരിക്കലും"

ഇതെല്ലാം പച്ചപ്പരമാർത്ഥമാണെന്ന പാരത്തല കലുക്കി, ചട്ടിമുക്കു മുളിച്ചു, കോടങ്കിറി തിരിച്ചു ചീക്കുവുംസമ്മതിച്ചു. അകത്തു കത്തിയും പുറത്തു പത്തിയുമുള്ള ഈ മഹാനാരദൻ വേറൊരുപ്രസംഗം തുടങ്ങി.

"പാപ്പിച്ചൻ പറഞ്ഞതു മുഴുവനും വെകു വാത്തവം. എന്നി പാപ്പിച്ചാ, ഞാനൊന്നുപറേന്നതു കേട്ടോ. ഇപ്പഴത്തെ പിള്ളേക്കെല്ലാം ഒരു തീൻകുത്തു". വെരളിപ്പുത്തുനെപ്പോലെ വീട്ടം ക്രട്ടം വിട്ടു നാട്ടം തേശോം മുറി നടക്കാനൊരു ബകളം. അതിനെന്നാ പണിയെന്നറിയാമൊ. മിശിയനിൽ ചേരുകാന്നുംപറഞ്ഞു അച്ചമ്മാരും കന്യാത്രികളും ആകാൻ നോക്ക. ആത്മാക്കളെ രച്ചിക്കണമെന്നും, ഇന്ത്യാക്കാരെ എല്ലാം മാപ്പിളമാരാക്കണമെന്നും പറഞ്ഞു ഇവിത്തിങ്ങടം പോണ. ഈ കാശിനുകൊള്ളാത്ത കെഴകൊന്നാന്മാരാണൊ അച്ചമ്മാരും കന്യാത്രികളും ആകാൻ പോന്നെ! കാര്യം എന്താന്നറിയാമൊ? വീട്ടിലൂണിനു വകയില്ല. വയറുനിറയ്ക്കാൻ വല്ല വഴിയുംതേടി പുറപ്പെട്ടനാ വിതപ്പാമ്മാരാണിവരു. മിശിയനിൽ ചേന്നാ പിന്നൊ തൊകമല്ലേ. വല്ലോനും ഒണ്ടാക്കിയ ചക്രം. കാലുമ്മേ കാലു വച്ചു കതാലപ്പുറത്തിരുന്നാ മതി. നേരംതെറ്റാതെ മേശപ്പുറത്തുണ്ണാം. തായ്യമ്മാരെപ്പോലെ കയിലും, കാപ്പും, കത്തീം കൊണ്ടു കോഴിത്തൊടേം മറവും വെട്ടി മിഴുങ്ങരുതോ. തലേ വെക്കാൻ വെള്ളക്കാരന്റെ തൊപ്പി. വലിക്കാൻ കപ്പക്കെഴങ്ങുപോലൊള്ള ചുരുട്ട്. ഇട്ടനടക്കാൻ തേച്ചു മിനുക്കിയ കളതം, കാച്ചറാ, കമ്മീസു, ളോക. കഴുത്തേ കുപ്പിപോലെ വെളത്ത കോളറായും, കാലിനു കാമീശും ചെരിപ്പും. പൊറം കുനിഞ്ഞൊരു തൂമ്പുപോലുമെടുത്തിട്ടാവശ്യമില്ല. പിന്നൊ വരുന്നതെന്താന്നറിയാമൊ! അച്ചമ്മാരും കന്യാത്രികളും ആകാനാണെന്നുംപറഞ്ഞു മിശ്യനിൽ ചേന്ന ഈ നാണം കെട്ട ക്രട്ടരു, തിന്നു ചീറിയശേഷം നല്ലനല്ല ആളുകളുമായി വഴക്കുപിടിച്ചു, ഉണ്ട പോറിൽ കല്ലിട്ട, അഹങ്കാരംകൊണ്ടു മേലാവിലുള്ളോരു പറയുന്നാതൊന്നും കേക്കാതെ മടത്തിനു വെളിക്കു പാടി കയറുമ്പിയ കാളേപ്പോലെ അവിടേംഇവിടേം മതിച്ചു നടക്ക. ചുമ്മാതാണോ കാന്നോമ്മാരു പറഞ്ഞിരിക്കുന്നു' നായുടെ വാലു പന്തീരാണ്ടു കൊഴലിലിട്ടാലും എട്ടുകമ്പം വാളംപുളിപോലെ വളഞ്ഞിരിക്കുവെന്നു". അട്ടേ പിടിച്ചു മെത്തേ കെടത്താൻ നൊക്കിയാലൊ! ഒട്ടക്കം ഉണ്ണാനും ഉട്ടക്കാനും ഒന്നുമില്ലാതെ നായെപ്പോലെ അലഞ്ഞുനടന്നു വീട്ടിൽ പാപ്പരു ചമഞ്ഞു വരുക. അങ്ങനെ നാടിനും വീടിനും അവമാനംഒണ്ടാക്കിവച്ച കൃത്യനേം വറീതിനേം, ഏലിയേം, റോത്തേം ഞാൻ പിന്നെ കണ്ടിട്ടില്ലേ. കഞ്ഞിക്കു വകയില്ലാത്ത കുട്ടമ്മങ്ങളിലെ തെണ്ടിപ്പിള്ളേരു പോകുന്നോന്നൊപ്പിച്ചു ന

മ്മുടെ വീട്ടീന്ന തങ്കമ്മ പോന്നതു നമുക്കു യോകൃതയാണൊ? അതു എത്ര വല്യ അവമാനം. ഇപ്പം എല്ലാം തലകുത്തി നടക്കുന്ന കാലമല്ലേ. വിനാശകാലെ വെപരീതപുത്തി. ഹേര! അങ്ങനെ ഒരവമാനം നമ്മുടെ കുടുമ്മത്തിനു ഉണ്ടാക്കി വെക്കരുതു്."

ഇതുയും ചീക്കുപറഞ്ഞപ്പോഠംതങ്കമ്മയുടെമുഖഭാവം അകമാനംരോഷരൂപംകൊണ്ടു. ചീക്കുന്റെ മുഖത്തേക്കുകോപത്തോടെഒന്നുനോക്കി. ചീക്കു പെണ്ണിന്റെ നോട്ടം കണ്ടു മെട്ടിയൊന്നു ഭയപ്പെട്ട ആലിലപോലെ താനറിയാതെ തന്നൊ ഒന്നു വിറച്ചുപോയി. അടുത്തുണ്ടായിരുന്ന ഭിത്തിയുടെ സഹായം കൊണ്ടു 'ഞൊണ്ടിക്കുതിര, അടിപിഴച്ചു നിലം പതിച്ചില്ല. പിന്നീട്ട തങ്കമ്മ ക്രമലെനേ്യ തന്റെ സ്നേഹപിതാവിന്റെ നേരെ തിരിഞ്ഞു ധൈര്യസമേതം ഈ വിധം പറഞ്ഞു:—

"അപ്പച്ചൻ എന്നെ ഇതുവരെ ലാളിച്ചു വളത്തിയതിനു ഞാൻ അപ്പച്ചനെ നിസ്സീമമായി സ്നേഹിച്ചാദരിക്കുന്നു. എപ്പോഴും സ്നേഹിക്കയും ബഹുമാനിക്കയുംചെയ്യും. എന്നെ അപ്പച്ചൻ മഠത്തിൽ അയച്ചതുകൊണ്ടു മരിച്ചുപോയ എന്റെ വാത്സല്യ അമ്മയെ അപ്പച്ചൻ ശകാരിച്ചിട്ടാവശ്യമില്ല. എന്റെ അതിയായ ആഗ്രഹം കൊണ്ടാണു് ഞാൻ മഠത്തിൽ പോയതു്. മഠത്തിൽ ഞാൻ പഠിച്ചതു അപ്പച്ചനു ഒരുവിധത്തിലും നാശത്തിനു കാരണമല്ല. നാലക്ഷരം കൂട്ടി വായിക്കാനറിഞ്ഞുകൂടാത്ത ഒരു പെൺകുട്ടി അപ്പച്ചനുണ്ടായിരിക്കുന്നതാരുണാ അപ്പച്ചനു ബഹുമാനം, അതോ, ഇന്നത്തെ ലോകനടപ്പനുസരിച്ചു അല്പമെങ്കിലും വിദ്യാഭ്യാസം ഉണ്ടായിരിക്കുന്ന ഒരു മകനും ഉണ്ടായിരിക്കുന്നതാണോ! വിദ്യാഭ്യാസം ഇല്ലാത്ത എത്രയോ പെണ്ണുങ്ങളാണു് അവരുടെ കുടുംബത്തിനും ഭർത്തൃസന്താനങ്ങൾക്കും തീരാത്ത നാശമായി തീർന്നിരിക്കുന്നതു്! മഠത്തിൽ പഠിക്കുന്ന പിള്ളേരെ കന്യാസ്ത്രീകളും അതും ഇതും പറഞ്ഞു മയക്കി മഠത്തിൽചേക്കുന്നുഎന്നതു് ഓർക്കലും വാസ്തവമായി ഞാൻ വിചാരിക്കുന്നില്ല. അപ്പച്ചാ, ദൈവശുശ്രൂഷയ്ക്കായി തങ്ങളെതന്നെ മുഴുവനായി ബലികഴിച്ചിരിക്കുന്ന ഈ സാധുകന്യാസ്ത്രീകളെക്കുറിച്ചു അപ്പച്ചൻ ഒന്നുകൂടെ ബഹുമാനമായി സംസാരിക്കേണ്ടതു് അത്യാവശ്യമാണു് 'ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം, പറയുവാനാളുകളുണ്ടസംഖ്യം, എന്നുള്ള നീതിവാക്യം അപ്പച്ചൻ മറക്കരുതു്. കന്യാസ്ത്രീകളും അങ്ങനെ വല്ലവരെയും പറഞ്ഞു മയക്കി മഠത്തിൽ ചേർത്തിട്ടുണ്ടെങ്കിൽ തന്നെയും അവർക്കു അതിനു ദൈവവിളിയില്ലെങ്കിൽ നിശ്ചയമായും അവർ ആ ജീവിതത്തിൽ സ്ഥിരമായി നിലനില്ക്കുകയില്ല. അവർ കാലാന്തരത്തിൽ സഭയ്ക്കും സഭാംഗങ്ങൾക്കും, അവർക്കു തന്നെയും ഒരു തീരാത്ത ഭാരമായിതീരുമെന്നതിനു സംശയമില്ല. കാഞ്ഞുപവും വെന്തിഞ്ഞുപും ഒരിക്കലും ഒരു പെൺകുട്ടിയെ കന്യാസ്ത്രീയാക്കാൻ മതിയായ ഉപകരണങ്ങളു

ല്ല, അതിനു ദൈവവിളി അത്യാവശ്യമാണ്. ഒരുപക്ഷെ ആ ദൈവവിളിയെ ദൃഢപ്പെടുത്തുവാൻ കാഞ്ഞിരപ്പവും വെന്തിഞ്ഞയും സഹായിച്ചെന്നു വന്നേക്കാം. പണം കിട്ടുവാൻ കന്യാസ്ത്രീകളും പെൺപിള്ളേരെ പറഞ്ഞു കുത്തിരകയറ്റി മനസ്സുമറിക്കുമെന്നതും ഒരിക്കലും വിശ്വസിക്കാവുന്നതല്ല. പെൺപിള്ളേരുടെ ദൈവവിളി നിശ്ചയിക്കേണ്ടതു് കന്യാസ്ത്രീകളുടെ ചുമതലയല്ല. അതു പിള്ളേരുടെ മനസ്സിനനുസരിച്ചാണിരിക്കുന്നതു്. അവരെ കാര്യം പറഞ്ഞു മനസ്സിലാക്കേണ്ടതു് മാതാപിതാക്കന്മാരുടെയും മറ്റു രക്ഷകർത്താക്കളുടെയും കടമയാണെങ്കിലും അവരെ ഏതൊരു അന്തസ്സിനെയും തിരഞ്ഞെടുക്കുന്നതിനു നിർബന്ധിക്കുവാൻ പാടില്ല. ഞാൻ കന്യാസ്ത്രീയാകാൻ ആഗ്രഹിക്കുന്നതു് എന്റെ ദൈവവിളികൊണ്ടു മാത്രമാണു്. എന്നെ ഈ അന്തസ്സിനു ദൈവം വിളിക്കുന്നുവെന്നു എനിക്കു ദൃഢമായിതോന്നുന്നു. ഒരു പക്ഷെ ഞാൻ തെറ്റിപ്പോയിരിക്കാം. അങ്ങനെയെങ്കിൽ എന്നെ സഹായിക്കാൻ എനിക്കൊരു ജ്ഞാനഗുരുവുണ്ടല്ലോ. ഞാൻ കന്യാസ്ത്രീയാകാൻ ആഗ്രഹിക്കുന്നതുകൊണ്ടു ബുദ്ധിയില്ലാത്ത കഴുതയായിപ്പോയോ? കന്യാസ്ത്രീകളാകുവാൻ പോകുന്നവരെല്ലാം അതുകൊണ്ടു ബുദ്ധിയില്ലാത്ത കഴുതകളാണോ അപ്പച്ചാ? എനിക്കു ലോകത്തിൽ സുഖമായി ജീവിക്കുവാൻ വേണ്ടതു പിതൃസ്വത്തും മറ്റു സഹായങ്ങളും ഉണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഇതെല്ലാം എവിടെ നിന്നുവന്നു? ആരുടെ ദാനം! സർവേശ്വരന്റെ. അങ്ങേ മക്കളാകുന്നു നമ്മൾ. അങ്ങേ അനുസരിച്ചു നടക്കേണ്ടതു് നമ്മുടെ കടമയാകുന്നു. ലോകത്തിൽ സുഖമായി ജീവിച്ചു് അങ്ങേയ്ക്കു പ്രിയമുള്ളതായ ഒരു ജീവിതം കഴിക്കണമെന്നാണു് അങ്ങേ ഇഷ്ടമെങ്കിൽ അതു നാം ചെയ്യേണ്ടതു തന്നെ. നേരെമറിച്ചു അങ്ങേ ഉദ്ദേശ്യം വേറെ ആണെങ്കിൽ അതിനെ നാം നിഷേധിക്കയും ചെയ്യരുതു്. ഈ സംഗതിയിൽ നാം മറ്റുള്ളവരെ അപേക്ഷിച്ചു ദൈവത്തെയാണു് അനുസരിക്കേണ്ടതു്. ഈലോകസമ്പത്തുകളെല്ലാം ഉരുനൊടിയിടയിൽ നശിച്ചു നാം പെട്ടെന്നു നിർധനരാകുവാനും പാടുണ്ടു്. കഴിഞ്ഞ ഭൂകമ്പം മൂലം എത്രയോ ധനവാന്മാർ ഇന്നു ദരിദ്രരായി കാണപ്പെടുന്നു.

എന്നെ ഇപ്പോൾ കല്യാണം കഴിക്കുവാൻ പോകുന്ന ബി. എ. ക്കാരനും ആരാണെന്നു അപ്പച്ചനു് അറിയാമൊ? അവനുകല്യാണജീവിതമാണു് ദൈവം നിശ്ചയിച്ചിരിക്കുന്നതെന്നു ആരു കണ്ടു! അയാൾ വക്കീലായി രൂപാ ധാരാളം സമ്പാദിച്ചാലും തങ്ങൾതമ്മിൽ ദ്വന്ദ്വത്തിൽ വീഴുകയും, മനഃപ്രയാസപ്പെടുകയും ചെയ്യുമെന്നു എനിക്കു ഉറപ്പുണ്ടു്. അവനു ഞാനും ഞാനു അവനും ഇല്ലെങ്കിൽ എനിക്കു അതുകൊണ്ടെല്ലാം എന്തു പ്രയോജനം! അവനൊ ഞാനൊ കല്യാണബന്ധത്തിൽ എത്ര നാളാണു ജീവിച്ചിരിക്കുവാൻ പോകുന്നതെന്നു ആരറിഞ്ഞു! ദൈവ

ഹിതത്തിനു വിരോധമായി നടത്തുന്ന ഏതൊരു കൃത്യവും ദൈവം അനുഗ്രഹിച്ചെന്നു വരുമോ.

അതങ്ങനെ! പിന്നൊ ഈ ഫീക്കൂച്ചൻ മൂപ്പിന്നു പറയുന്നതു് എത്രയോ പരമബദ്ധം! ഇപ്പഴത്തെ പിള്ളേക്കെല്ലാംഒരുതീൻകുത്താണുപോലും! നാട്ടും ദേശവും ചുറ്റിനടക്കാൻ വീട്ടും കുട്ടും വിട്ടുപോയി,അച്ചന്മാരും കന്യാസ്ത്രികളുമായി വയറു പിഴയ്ക്കുകയാണുപോലും! ഹാ! ഇതു ദൈവദൂഷണവും പരദൂഷണവും ഒന്നിച്ചു ചേന്നതല്ലെ! ഇന്ത്യായിലെ മുപ്പത്തഞ്ചുകോടി ജനങ്ങളുടെ മാനസാന്തരത്തിനായി വീട്ടും കുട്ടും ഉപേക്ഷിച്ചു ഇന്ത്യയുടെ നാനാ ദേശങ്ങളിലേക്കും പോകുന്നതു് ജരുതീൻകുത്താണൊ ? 'നിങ്ങൾ ലോകമെങ്ങുംപോയി സകലജാതി ജനങ്ങൾക്കും സുവിശേഷം പ്രസംഗിച്ചു അവരെ മാനസാന്തരപ്പെടുത്തി ബാവായുടെയും പുത്രന്റെയും റൂഹാദ്കുദശായുടെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ, എന്നുള്ള മ്ശിഹായുടെ കല്പനയെ ശിരസാ വഹിച്ചുകൊണ്ടു മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും എന്നന്നേയ്ക്കുമായി ഉപേക്ഷിച്ചു, ദൂരദേശങ്ങളിൽ പോയി മാനസാന്തരവേല തുടരുന്നതു്, ഒരുപജീവന മാർഗ്ഗമെന്നൊ ഫീക്കൂച്ചൻ വ്യാഖ്യാനിക്കുന്നതു്! അപ്പോൾ അന്യദേശങ്ങളിൽനിന്നു വന്നു നമ്മുടെ നാട്ടിൽ പ്രേഷകവൃത്തി നടത്തുന്നവരെല്ലാം ജീവനമാർഗ്ഗം തേടി വന്നിരിക്കുന്നവരെന്നാണോ ഫീക്കൂച്ചന്റെ അഭിപ്രായം? അയ്യോ ഫീക്കൂച്ചാ! എന്താണു് ഇത്ര നിന്ദ്യമായ അഭിപ്രായം പുറപ്പെടുവിക്കുന്നതു്! മാനസാന്തരവേലയെക്കാൾ മഹത്തായ ഒരു വേല എന്താണുള്ളതു്? ഒരാത്മാവിനെ ദൈവരാജ്യത്തിനു അവകാശിയാക്കി ദൈവത്തിന്റെ മഹിമയെ വർദ്ധിപ്പിക്കുന്നതിൽ വലുതായ ഒരു കൃത്യം എന്താണുള്ളതു്? പിന്നെയും മിഷ്യനിൽചെന്നു മലയാളികളെല്ലാം കഞ്ഞികുടിക്കുവകയില്ലാത്ത വരാണെന്നു ഫീക്കൂച്ചൻ ഒരു വീണ്ടുവിചാരവും കൂടാതെ തട്ടിവിട്ടതു. ശരിതന്നെ! എല്ലാവരും കോടീശ്വരന്മാരുടെ പുത്രന്മാരല്ല. എന്നാൽ കോടീശ്വരന്മാരുടെ പുത്രന്മാരിൽ ദൈവവിളിയും അധികമായി കാണാറില്ല. ധനവാനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകത്തിനു സൂചികുഴയിൽകൂടി കടക്കുന്നതാണെന്നല്ലേ വീണ്ടുവിചാരക്കാരൻ പറഞ്ഞിട്ടില്ലെ! അവരുടെഹൃദയംഅവരുടെ ധനത്തിലുണ്ടു്. സുവിശേഷത്തിലെധനവാനായ യുവാവിന്റെ കഥഓർത്തുനോക്കുക. എങ്കിലും ഇന്നാട്ടിൽ വരെഇവിടെനിന്നും മിഷ്യനിലേക്കു പോയിട്ടുള്ളതുപോലെ ആളുകളുംകഞ്ഞികുടിക്കുവകയില്ലാത്തവരെന്നാണോ ഫീക്കൂച്ചൻപറയുന്നതു്! ഇവരിൽ എത്രയോപേർനല്ലസ്ഥിതിയിൽ അച്ചന്മാരും അയ്മേനികളുമായി നമ്മുടെ ഇടയിൽ കഴിച്ചുകൂട്ടിയവരാണു്! അവർ മിഷ്യൻവേലയ്ക്കു എത്രമാത്രം പണവും കൊടുത്തിരിക്കുന്നു! ചിലരുടെ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ധനപുഷ്ടികൊണ്ടു പേ

തുകേട്ടുതന്നെയല്ലേ? അവർ ഇവിടെ ജീവിച്ചിരുന്നുവെങ്കിൽ എത്ര മാത്രം സുഖത്തോടെ അവർക്ക ജീവിക്കാമായിരുന്നു! പിന്നെയും അച്ചന്മാരും കന്യാസ്ത്രികളുമാകുവാൻ ദൈവവിളിയില്ലെങ്കിൽ സാധിക്കുമെന്നാണോ ചീക്കുട്ടൻറെ വിചാരം? അങ്ങനെ ദൈവവിളിയില്ലാതിരുന്ന അനേകം ഒരു പക്ഷെ കാലക്ഷപമാർഗ്ഗം തേടി മിഷ്യനിൽ ചേർന്നുവെന്നുവരാം. നാലുനേരം ശാപ്പാട്ടും, നല്ലതൊപ്പിയും ഉടയും കെട്ടും, സുഖത്തിനുള്ള ജിവിതവും ആഗ്രഹിച്ചു മിഷ്യനിൽ ചേരുന്നവർ മിഷ്യനിൽ ഒരിക്കലും സ്ഥിരമായി നില്ക്കയില്ല. അവർക്ക തൊട്ടതെല്ലാം കുറ്റമായിത്തീരും. സഭയെയും സഭാംഗങ്ങളെയും ശകാരിക്കുവാൻ തുടങ്ങും. കീഴ്വഴക്കം മുതലായ സകലഗുണങ്ങളും പോയി കാരികടക്കും. വേറെ ഉർഗ്ഗുണങ്ങളിലും അവർ കാലക്രമേണ തഴക്കിത്തുടങ്ങും. പിശാചും അവരെ വെറുതെ വിടുകയില്ല. ഒടുവിൽ സഭാവസ്ത്രം വലിച്ചെറിഞ്ഞു മതിലുചാടി നാട്ടിനും നാട്ടാർക്കും അപമാനമായി കയറൂരിയ കാളയെപ്പോലെ ചുറ്റിനടന്ന ഒടുവിൽ ചീക്കുച്ചൻ പറഞ്ഞതുപോലെ ഉണ്ണാനും ഉടുക്കാനും ഒന്നുമില്ലാതെ നായെപ്പോലെ അലഞ്ഞുവലഞ്ഞു, പാപ്പരുമഞ്ഞു വീട്ടിൽ വന്നു ചേരും. ഈ കുട്ടിയിൽ ചേർന്നവാസൻ' ചീക്കുച്ചൻ, പറഞ്ഞതു വാസ്തമാണെങ്കിൽ, ആ കുഴുരും, വറീതും, ഏലിയും, റോസയും. വാസ്തവം! ഇവർ മറ്റുള്ള മിഷ്യനറിമാർക്ക ഒരു പ്രതിബന്ധമാണെന്നുള്ളതിനും സംശയമില്ല. നമ്മുടെ കർത്താവിൻറെ പന്ത്രണ്ടു ശിഷ്യന്മാരിലും ഒരു യൂദാസുണ്ടായിരുന്നുവെന്നു ചീക്കുച്ചനു അറിയാമല്ലോ. അതുകൊണ്ടു എല്ലാ വരുംയൂദാസുകളാണെന്നോ ഒരുത്തർക്കും ദൈവവിളിയില്ലെന്നോവിധിക്കുന്നതു് എത്രയോ മൗഢ്യമാണു്. നമ്മുടെ ഇവിടെ നിന്നുപോയ കുരുവിളയച്ചൻ തന്നെ മിഷ്യനിൽ ആറുമാസം കൊണ്ടു അനുഭവപ്പെട്ട മാനസാ

St. Joseph's Orphanage Weaving Institute, Changanacherry.

വില്പാൻ തയാർ!!

		രൂ. ഫ. കാ.
1	കവുപ്പുമോഹയുള്ള പോപ്പ്ലിൻ തുണി വാരയ്ക്ക്	0 19 8
2	ഡയമൺഡ് ഡിസൈനിൽ വിശേഷതരത്തിൽ നെയ്തിട്ടുള്ള അലംത്താരവിരിയ്ക്കുള്ള വെള്ളത്തുണി വാരയ്ക്ക്	0 11 0

മാനേജർ.

ന്തരപ്പെട്ടത്തിയ കാര്യം ചീക്കുച്ചൻ പത്രത്തിൽ വായിച്ചില്ലേ. ഇങ്ങനെ എത്ര ആയിരം ആത്മാക്കളെയാണ് ഇനിയും അവർ മാനസാന്തരപ്പെടുത്തുവാൻ പോകുന്നതു്. ഇവരെല്ലാം ദൈവവിളിയില്ലാത്ത ഊട്ടിലൂണിപ്പട്ടന്മാരാണെന്നാണോ ചീക്കുച്ചൻ ലജ്ജയില്ലാതെ ജല്പിക്കുന്നതു്! ഞാൻ മഠത്തിൽ പോകുന്നതുകൊണ്ടു നമ്മുടെ കുടുംബത്തിനു ബഹുമാനമല്ലാതെ അവമാനം ഒരിക്കലും വരുന്നതല്ല". എന്നു പറഞ്ഞു തങ്കമ്മ കണ്ണുനീരോടുകൂടി പാപ്പിച്ചന്റെ കാല്ക്കൽ വീണു "അപ്പച്ചാ! എന്നെ ദയവുചെയ്തു മഠത്തിലാക്കണമേ" എന്നു താണുവീണപേക്ഷിച്ചു.

ഇതുകേട്ടു ഇതികർത്തവ്യതാമൂഢനായി നിന്നപാപ്പിച്ചൻ തൂപ്പൻ ചീക്കുന്റെ ശോഷ്ടികളും കരപോഷ്ടകളും കണ്ടു, 'മൂക്കുപൊറിഞ്ഞു കോക്കിരികാട്ടുന്നു' പിള്ളേരുടെ നേരെകിറുക്കന്മാർ കയക്കുന്നതുപോലെ, കോപവെറികൊണ്ടു "പോടീ പുത്തിയില്ലാത്ത അഴകേ, നിനക്കു തൈവവിളീയില്ല, പിശാചുവിളീയില്ല, അപ്പൻ പറേന്നതു കേട്ടു നടന്നാമതി. അമ്പടീ നിന്റെ കഴുത്തിനു ചുറ്റും നാക്കായല്ലോ". എന്നു പറഞ്ഞു തങ്കമ്മയെ കഴുത്തിനു പിടിച്ചു തള്ളി അട്ടക്കളയിലേക്കയച്ചു തങ്കമ്മയുടെ അതിവിവേകമായ മറുപടി, ചീക്കുന്റെ വഞ്ചനമൂലം പാപ്പിച്ചനു, പോത്തിന്റെ കാതിൽ കിന്നാരം പോലെ മാത്രമേ അനുഭവപ്പെട്ടൊള്ളൂ.

"അല്ലും പകലുമന്യൻ പൊല്ലും വേലകൾ ചെയ്യു
അല്ലലോടു വാഴുവാനല്ലൊ സംഗതി! ഹാ! ഹാ!"

പിന്നീടു പാപ്പിച്ചൻ കുടുമ്പൻ ചീക്കുന്റെ ഉരുട്ടുമിരട്ടുകളെല്ലാം കേട്ടു വിശ്വസിച്ചു മതിമറന്നു, കല്യാണക്കാര്യത്തിനു വേണ്ടതായ ഒരുക്കങ്ങളും തുടങ്ങി. "നിത്യവും സമ്പത്തു വിദ്വാന്മാരില്ലാതായാൽ
കൃത്യവുമകൃത്യവും ബോധമില്ലാതായ്വരും"

എന്നതു എത്രയോ വാസ്തവം! ക്രൂടിക്കാഷ്ടിവസം വന്നു. ഇതോടുകൂടി ക്രൂട്ടിപ്പിടിപ്പിക്കുന്ന നാരദൻ ചീക്കു മൂണ്ടാണിക്കാലുകൊണ്ടു താളം പിടിച്ചു ദേശമെല്ലാം തൊണ്ടിനടന്നു. വികാരിയച്ചനേയും പോയിക്കണ്ടു. പെണ്ണിനു കന്യാസ്ത്രീയാകാൻ ദൈവവിളിയില്ലെന്നു അച്ചനെക്കൊണ്ടു ഒരുവിധം വഞ്ചനമൂലം തങ്കമ്മയെ തെറ്റിദ്ധരിപ്പിച്ചു, ക്രൂടിക്കാഷ്ടിയും നടത്തി. അച്ചന്റെ വചനങ്ങളും കേട്ടു തങ്കമ്മ ക്രൂടിക്കാഷ്ടിയ്ക്കും സമ്മതിച്ചു. എന്നാൽ അവളുടെ ഹൃദയത്തട്ടിൽ ആഴമായി പതിച്ചിരുന്ന ദിവ്യനിശ്ചയം അവളെ അത്യധികം വ്യാകുലചിത്തയാക്കി. തീവ്രമായി ദൈവനിശ്ചയമറിയുവാൻ അവൾ പ്രാർത്ഥനയും തുടങ്ങി.

"ഈശ്വര വിലാസങ്ങളാർക്കുപോലും തടുക്കാവൂ"

കാലക്രമേണ അവളുടെ ശരീരബലം ക്ഷയിച്ചു. മുഖം അതികമാനം വാടി. ഒടുവിൽ അതികലശലായ ഒരു പനിയും തുടങ്ങി. എന്നാൽ പാപ്പി

ച്ചുണ്ടോ ഇതെല്ലാം വകവെയ്ക്കുന്നു! ഇതെല്ലാം പെണ്ണുങ്ങൾക്കു കല്യാണം കഴിക്കാറാകുമ്പോൾ നാണംകൊണ്ടുണ്ടാകുന്ന ചിലസുഖക്കേടുകളാണെന്നതുരപ്പൻ ചീക്കു പാപ്പിച്ചനെ പറഞ്ഞു കബളിപ്പിച്ചു. ഒട്ടക്കം വിളിച്ചുചൊല്ലും നടത്തി. ചീക്കുതന്നെയാണു് കല്യാണത്തിനുവേണ്ട ഒരുക്കങ്ങളും നടത്തിയതു്. മോടിയായ കല്യാണപ്പന്തലിനു, മുളയും വാരിയും ഓലയും ഈന്തലും എല്ലാം വന്നു ചേർന്നു. പിന്താരിപ്പുപണി നടത്തുവാൻ വിതാനിപ്പുകാരും കുറവല്ല. രണ്ടു വിളിച്ചുചൊല്ലും കഴിഞ്ഞു. അടുത്തതിങ്കളാഴ്ചയാണു് കല്യാണം. കല്യാണത്തിനു് അറക്കാൻ മൂരികളും പൊരിക്കാൻ താറാവും, പെരളനു ആട്ടിറച്ചിയും കോഴിയും എല്ലാം തയ്യാർ.

'ഈശ്വരാനുഗ്രഹമില്ലാത്തവനാഹോ
നശ്വരമായ്വരുംനിശ്ശ്രേയതാവും,

എന്നാൽ സാധുതങ്കമ്മയുടെ സ്ഥിതി എന്തായിരുന്നു! ബുധനാഴ്ചയോടുകൂടിജ്വരമായിത്തുടങ്ങിയ വ്യാധി ശങ്കുപഴപ്പായിത്തീർന്നു. വെള്ളിയാഴ്ച അച്ചൻ വന്നു അവശംകൂടി തിരുപ്പാഥേയവും, അവളുടെ നിർബന്ധം മൂലം അന്ത്യകൂദാശകളും കൊടുത്തു. ഇപ്പോഴാണു്

'താൻതാൻനിരന്തരംചെയ്യുന്നാകർമ്മങ്ങളും
താന്താൻ അനുഭവിച്ചീടുമെന്നേവരു,

എന്ന നീതിവാക്യം പാപ്പിച്ചന്റെ മാട്ടത്തലയിൽ കറിയതു്. പാപ്പിച്ചന്റെ അകവും പുറവും ഒരുപോലെ എരിഞ്ഞുപൊരിഞ്ഞു. ചീക്കുനെ കണ്ടനാൾതന്നെ പാപ്പിച്ചൻ ശപിക്കുവാൻ തുടങ്ങി. എങ്കിലും മകനെ ഇനിയുംമരിക്കുമെന്നു പാപ്പിച്ചൻ സ്വപ്നേപി വിചാരിച്ചില്ല. ശനിയാഴ്ച കാലത്തു തങ്കമ്മയ്ക്കു ബോധമില്ലാതായി; കൈകാലുകൾ തളർന്നു, വായുവുംകൊണ്ടു. വൈകിട്ടു അച്ചൻവന്നുവീണ്ടും അന്ത്യപ്രാർത്ഥനകളും നടത്തി. അപ്പോൾ അവൾ പെട്ടെന്നു കണ്ണുതുറന്നു അച്ചനെ കണ്ടമനസ്സിലാക്കി 'അച്ചാ എന്റെ അന്ത്യനേരം അടുത്തിരിക്കുന്നു. കർത്താവു് എന്നെ നിത്യകല്യാണത്തിനായി അങ്ങേപക്കലേയ്ക്കു വിളിക്കുന്നു. ഇത്രയും പറഞ്ഞപ്പോൾ അവളുടെ നാക്കു തളരുവാൻ തുടങ്ങി. ഈശോ-മ-റി-യം-യൗ-സേ-പ്പെ, എന്നു അന്ത്യവചനങ്ങൾ അവൾ വളരെ സാവധാനം ഉച്ചരിച്ചു തന്റെ നിർമ്മല ആത്മാവിനെ മിശിഹാമണവാട്ടിയായി ശ്രീയേശുകരങ്ങളിൽ കയ്യാളിച്ചു. പാപ്പിച്ചന്റെ കണ്ണുകളിൽ നിന്നും പശ്ചാത്താപബാഷ്പങ്ങൾ ധാരധാരയായിപൊഴിഞ്ഞു. കല്യാണത്തിനുനിശ്ചയിച്ചിരുന്ന അതേതിങ്കളാഴ്ച തങ്കമ്മയുടെ ശവസംസ്കാരപ്രദക്ഷിണമാണു് മുങ്കുടവിലെ മോടിയായി കെട്ടിയുണ്ടാക്കിയിരുന്ന പൂപ്പന്തലിൽ നിന്നും പള്ളിയിലേക്കു പുറപ്പെട്ടതു്!

'അന്യഥാചിന്തതംകാര്യംദൈവമന്യത്രചിന്തയേൽ'.

(332-ാം പേജിന്റെ തുടർച്ച)

ം ഇത്യാദി അഭ്യഭിപ്പിക്കുകയും ചെയ്തു. ഇപ്രകാരം താൻ അവരുടെ ആത്മാവിന്റേയും ശരീരത്തിന്റേയും പരിപാലകനായിഭവിച്ചു.

സന്ധ്യാപാഠശാലാസ്ഥാപനം.

'ബാലശിക്ഷണത്തിനായി താൻ ക്രമേണ അനാഥശാല, സന്ധ്യാപാഠശാല ഇവ ഏർപ്പെടുത്തി. കാർഷിക കളരി, സാങ്കേതികസംക്ഷേളകം ഇവകളും സ്ഥാപിച്ചു. നാനാമുഖങ്ങളായ ഈദൃശസംരംഭങ്ങളെ നിലനിറുത്തുന്നതിനായി താൻ സലേഷ്യൻ സന്ന്യാസിസംഘം, മേരിപുത്രന്മാർ, സലേഷ്യൻ സഹകർത്താക്കളുടെ ഭക്തൈക്യം മുതലായ സംഘടനകളും ഏർപ്പെടുത്തി. വൈദികവിദ്യാലയങ്ങൾ, ഇടവകകൾ, കോളേജുകൾ, കാർഷികവും സാങ്കേതികവുമായ സംക്ഷേളകം, ആനുകാലികം, കുടിയേറ്റപാഠശാലകൾ സഹായിക്കുന്ന സ്ഥാപനങ്ങൾ, കുഷ്ഠരോഗശാലകൾ മുതലായവയാണ് സലേഷ്യൻ പ്രവർത്തനങ്ങളിൽ ഏതാനും ചിലതു്.

സലേഷ്യൻ സഭക്കാർ ഇൻഡ്യയിൽവന്നതു് 1906 ലാണു്. അവരുടെ പ്രഥമ മിഷൻരംഗം തഞ്ചാവൂരായിരുന്നു. ഇപ്പോൾ മദ്രാസ്മിഷനും അവരാണു് നടത്തുന്നതു്. 1921-ൽ ആസ്സാംമിഷനും ഇവരുടെനേതൃത്വത്തിലായി. കല്ക്കട്ടാ, ബോംബേ, ഷില്ലോംഗ് മുതലായ അനേകസ്ഥലങ്ങളിൽ ഇവർ സാങ്കേതികപാഠശാലകൾ സ്ഥാപിച്ചു വളരെ നല്ല നിലയിൽ നടത്തിവരുന്നു. ഷില്ലോംഗിലും മദ്രാസ്സിനു് സമീപമുള്ള തിരുപ്പൂരിലുമാണു് ഇവരുടെ രണ്ടു് ഇൻഡ്യൻ യോഗാത്ഥിമന്ദിരങ്ങളുള്ളതു്. "സലേഷ്യൻ സഹപ്രവർത്തകന്മാർ ആധുനികലോകത്തോടു് പറയുന്നതായതു് 'തെരുവീഥിയിലുള്ള അപകടങ്ങളിലും മറവും പാടാതിരിക്കുന്നതിനു് നിങ്ങളുടെ കുട്ടികളെ ഞങ്ങൾസൂക്ഷിച്ചുകൊള്ളാം. ലഹളയിലും ദുർമാർഗ്ഗത്തിലും ജീവിച്ചു് അവരുടെ ആയുസ്സു് പാഴാക്കാതെയിരിക്കുന്നതിനു് അവരെ ഞങ്ങളുടെ സ്ഥാപനങ്ങളിൽ സ്വീകരിക്കയുംചെയ്യാം. ഭ്രമിക്കു് ഭാരവും, കാരാഗൃഹത്തിലേ അംഗങ്ങളും ആകാതിരിക്കുന്നതിനു് അവരെ ഞങ്ങളും സ്നേഹത്തിൽ സുശിക്ഷണംചെയ്യുന്നു. ഞങ്ങൾ അവരെ നന്നായിവളർത്തും. അപ്പോൾ ദൈവത്തിനു് നമ്മോടുള്ള അതിരറ്റസ്നേഹം ലോകം ഗ്രഹിക്കുകയുംചെയ്യും." എന്ന അത്യുന്നത പരോക്ഷി കർത്തിനാളിന്റെ വാക്കുകളിൽ സലേഷ്യൻ മിഷണറിമാരുടെ മുദ്രാവാക്യം വെളിപ്പെടുത്തിക്കൊണ്ടു് ഈ ഉപന്യാസം സമാപിപ്പിക്കുന്നു.

ജപ്പസ്തോലസഖ്യം.

ഫ. മേയ് മാസത്തിലെ പൊതുനിയോഗം.

"അമ്മയുടെ പക്കൽ എന്നപോലെ എല്ലാവരും ദൈവജനനിയുടെ പക്കൽ സങ്കേതം തേടാൻ പഠിക്കുന്നതിനു".

ഖ. മിഷൻ നിയോഗം.

പശ്ചിമാഫ്രിക്കയിലെ ജനങ്ങളും എത്രയുംവേഗം മനസ്സുതിരിയുന്നതിനു.

ന .സുകൃതഭണ്ഡാരം.

ചങ്ങനാശേരി, കുറവിലങ്ങാട്ട്, തുരുത്തി, പായിപ്പാട്ട്, ആലപ്പുഴ, പേപ്പുങ്കൽ, മുതലായ ഇടവകകളിൽനിന്നും ജനുവരി, ഫെബ്രുവരി, മാർച്ചു, ഏപ്രിൽ എന്നീമാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ചു:-

സുകൃതഭണ്ഡാരം

1	ദൈവസ്നേഹപ്രകരണം	583339
2	കൊന്തനമസ്കാരം	11938
3	സ്ലീവാപ്പാഥ	2711
4	ശു. കു. ഉൽക്കൊള്ളൽ	2613
5	അരുപിക്കട്ടത്ത ,,	20215
6	ആത്മശോധന	6128
7	വേലചെയ്തനാഴിക	19583
8	മൗനം അനുഷ്ഠിച്ചമണിക്കൂർ	5020
9	ജ്ഞാനവായന	1889
10	കുർബാന ചൊല്ലിച്ചതു്	41
11	കുർബാന കണ്ടതു്	2223
12	ആശയടക്കങ്ങൾ	7088
13	പ്രായശ്ചിത്തങ്ങൾ	5230
14	ആത്മികമനോഗുണപ്രവൃത്തി	1394
15	ശാരീരിക ,,	4353
16	വിവിധ ജപങ്ങൾ	807415
17	നല്ലവണ്ണം കഴിച്ചുകൂട്ടിയ ദിവസം	9312
18	ദുഃഖാരിഷ്ടതകൾസഹിച്ചതു്	1436
19	പ്രത്യേകദുർഗ്ഗുണവിജയം	1554
20	വി. കു. വീക്ഷിത്ത	7319
21	മറ്റുപുണ്യപ്രവൃത്തികൾ	5660

പ്രത്യേകനിയോഗങ്ങൾ.

1	ഇടവകകൾ	1838
2	മുഴുവൻധ്യാനം	910
3	ദൈവവിളി	1724
4	പള്ളിക്കൂടങ്ങൾ	1959
5	വിദ്യാർത്ഥികൾ	4919
6	പരീക്ഷാവിജയം	2750
7	കുടുംബങ്ങൾ	1268
8	യുവജനങ്ങൾ	2135
9	മാതാപിതാക്കന്മാർ	1184
10	മക്കൾ	1469
11	സഖ്യപ്രോത്സാഹികൾ	238
12	പതിതരുടെമാനസാന്തരം	1444
13	അജ്ഞാനികളുടെ ,,	9357
14	ദുഷ്ടകത്തോലിക്കരുടെ ,,	651
15	മദ്യപാനികളുടെ ,,	823
16	ശത്രുക്കളുടെ മനം	466
17	മരിച്ച വിശ്വാസികൾ	9451
18	ഭാഗ്യമരണം	4230
19	ഉദ്യോഗം	1811
20	പണസഹായം	447
21	പ്രത്യേകമനോഗുണങ്ങൾ	565

ശുപതാഡയറക്ടർ,

കത്തീഡ്റൽ പള്ളി, ചങ്ങനാശേരി.

ചരമവാർത്തകൾ.

തൃശ്ശൂർ രൂപതയിൽ വലപ്പാട്ടുപള്ളിയിൽ വികാരിയായിരുന്ന ചങ്ങനാശ്ശേരിരൂപതയിൽ തുരുത്തി ഇടവക കയ്യാലക്കൽ ബ. ഫ്രാൻസിയച്ചൻ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് മാർച്ചു് 17-ാംതീയതി ചരമഗതിപ്രാപിക്കയും അദ്ദേഹത്തിന്റെ അന്ത്യകാലഭരണീയരായിരുന്ന വലപ്പാട്ടു് ഇടവകക്കാരുടെ അപേക്ഷയനുസരിച്ചു് ആ പള്ളിയിൽതന്നെ, വികാരിജനറാൾ വന്ദ്യദിവ്യശ്രീ മൊൺസിഞ്ഞോർ എടക്കൊളത്തൂർ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ ആഡംബരപൂർവ്വം സംസ്കരിക്കപ്പെടുകയുംചെയ്തു.

കടപ്പുമറ്റം ഇടവക വടാന ബ. മത്തായി അച്ചൻ എ. പെ. ബ. മെത്രാനച്ചൻതിരുമനസ്സിൽനിന്നു മാസ്റ്റർപ്പട്ടം സ്വീകരിച്ച ആശീർവ്വാദവും, അന്ത്യകൂദാശകളും സുബോധത്തോടെകൈക്കൊണ്ടു് തന്റെ 73-ാമത്തെ വയസ്സിൽ ഏപ്രിൽ 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിക്കയും അടുത്തദിവസം സംസ്കരിക്കപ്പെടുകയുംചെയ്തു.

ഭരണങ്ങാനം ക്ലാരമഠത്തിലെ ഒരുഅംഗമായ ദിവ. മദർ ക്ലാര തന്റെ 36-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

ഇവരുടെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R. I. P.

ഉപകാരസ്മരണകൾ.

തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താലും വിശുദ്ധ ഫിലോമിനായുടേയും ശുദ്ധീകരാത്മാക്കളുടേയും മദ്ധ്യസ്ഥത്താലും തെങ്ങളൂടെ 'കനിഷ്യസ്ഹോരൻ ബർണാർഡു ഗോമസ്' കമ്മലീത്താസഭയിൽ അംഗമായിതന്നു് രണ്ടുവർഷം കഴിഞ്ഞു് "പറഞ്ഞൊപ്പു" ചൊല്ലുതിനുപകാരസ്മരണ. രൂ. 1.

A. F. Gomez. Bangalore.

അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരുകാര്യം വിശുദ്ധ ഗ്രിഗോരിയോസിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥാപേക്ഷയാൽ സാധിച്ചതിനുപകാരസ്മരണ. രൂ. 1. അച്ചാമ്മ. പരിപ്പിക്കൽ. പാലാ

നിരാശപ്പെട്ടകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാസ്തദ്ദേവുസ്ശ്ലീഹായുടെമദ്ധ്യസ്ഥത്താൽ എന്റെരണ്ടുകാര്യങ്ങളും സാധിച്ചതിനുപകാരസ്മരണ. രൂ. 2. അനുഭവസ്ഥൻ.

അപകടകരമായ ഒരു ബാങ്കുകേസിൽനിന്നു വിശുദ്ധ യൌസേപ്പുപിതാവിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയുംമദ്ധ്യസ്ഥത്താൽരക്ഷപ്രാപിച്ചതിനുപകാരസ്മരണ. രൂ. 1. പുത്തൻപുരക്കൽ മക്കോ മക്കോ. പ്രക്കാട്ടു്.

കുച്ചേരിക്കായ്മം

1. ബ. വൈദികരുടെ സ്ഥലമാറ്റം

1.	കണ്ടങ്കരിയിൽ ബ. പിലിപ്പച്ചൻ, മുഹമ്മ,	പള്ളി	വികാരി
2.	വന്യം പറമ്പിൽ ബ. ഫ്രാൻസീസച്ചൻ, മുട്ടാർപഴയ	,,	,,
3.	തെങ്ങും തോട്ടത്തിൽ ബ. അബ്രാഹമച്ചൻ പൈങ്ങളം	,,	,,
4.	പുളിനിലുന്നതിൽ ബ. ഗീവറുഗീസച്ചൻ, കണ്ണോന്നി	,,	,,
5	മൂളങ്ങാട്ടിൽ ബ. ഗീവറുഗീസച്ചൻ, ചേർപ്പുങ്കൽ	,,	അസിസ്റ്റേന്തി
6.	കിഴക്കേക്കുറു ബ. ഗീവറുഗീസച്ചൻ, എലഞ്ഞി	,,	,,
7.	കളപ്പുരയ്ക്കൽ ബ. മത്തായിഅച്ചൻ, വടകര	,,	,,
8.	പുഞ്ചെകുന്നേൽ ബ. ദേവസ്യാച്ചൻ, പ്ലാശനാൽ	,,	,,
9	നടയത്തു ബ. ആഗസ്തിഅച്ചൻ, എളന്തോട്ടം കുരിശു	,,	,,
10	മുതുകാട്ടിൽ ബ. കുഞ്ഞച്ചൻ, ഉള്ളനാട്ടു കുരിശു	,,	,,

2. ഭൂകമ്പദുരിതനിവാരണഫണ്ടു്.

(N. B. ഓരോ ഇടവകയിൽനിന്നും പിരിച്ചയച്ചിട്ടുള്ള തുകയുടെ ലിസ്റ്റു് താഴെ ചേർക്കുന്നു. സ്ക്കൂട്ടുകളിലേ പിരിവു് പ്രത്യേകം അറിയിച്ചിട്ടുള്ളതു് അപ്രകാരവും ചേർത്തിട്ടുണ്ടു്.)

	രൂ.	ഫ.	ക.		രൂ.	ഫ.	ക
കരൂർപള്ളി	18	0	0	ചേനപ്പാടി	3	17	8
ഇത്തിത്താനം	3	9	4	പൈങ്ങളം	4	14	0
കൈനടി	16	26	4	തുരുത്തിത്താനം	20	0	0
കാഞ്ഞിരത്താനം	20	0	0	തുരുത്തി	24	0	0
എളങ്ങോയി	15	0	0	കുറിച്ചിത്താനം	5	0	0
കായൽപ്പുറം കു. പള്ളി	3	0	0	പ്രവിത്താനം	42	11	8
പൂവരണി	35	10	0	നവനസ്രേത്തു	7	0	2
കുഴുച്ചിറ	41	12	0	കുടല്ലൂർ	16	15	1
കളത്തൂർ	10	18	12	നിരപ്പേൽ	5	0	0
അന്തിനാട്ടു കു. പള്ളി	6	0	0	കൈനകരി	10	0	0
കേസറിയാ	2	0	0	കുറുമല്ലൂർ	15	0	0
കണ്ടങ്കരി	3	14	4	വായ്പ്പൂരു പുത്തൻ	15	6	0
എലിക്കുളം	15	0	0	രാമപുരം	40	0	0
വയലാ കു. പള്ളി	5	0	0	കൊരട്ടി	20	0	0
കുമരകം വടക്കുംകര	10	0	0	പ്ലാശനാൽ	22	2	0
വായിപ്പൂ പഴേപള്ളി	9	14	4	തെക്കേക്കര	3	2	0
ചെറുവള്ളി	10	7	2	പാറേപ്പള്ളി	6	19	12
മാന്നത്തൂർ	8	0	0	ഭരണങ്ങാനം ഫൊ. പ.	50	0	0
ചേർപ്പുങ്കൽപള്ളി	55	15	8	മരങ്ങോലി കു. പള്ളി	5	0	0
മുട്ടുചിറ ഫൊ. പള്ളി	17	1	8	പായിപ്പാട്	38	2	0
മലപ്പുറംപള്ളി	3	7	4	പൂവത്തോട്	35	0	0
മുട്ടാർപുത്തൻ	1	7	0	പങ്ങനാശേരി. 1ംതവണ	297	26	6
മുട്ടാർപഴെ	15	0	0	മരങ്ങാട്ടുപിള്ളി പള്ളി	24	0	0

കാഞ്ഞിരപ്പള്ളി ഫൊ.	80	0	0	വെളിച്ചിയാനി	9	23	8
കടപ്പ്ലാമറ്റം	57	0	0	കുറിയനാട്	9	1	4
കപ്പാട്ടുചിറ	15	0	0	വിളക്കുമാടം	40	0	0
ഏഴാച്ചേരി	3	3	0	മണ്ണാരപ്പാറ	22	0	0
തീക്കോയിൽ	6	16	0	അരുവിത്തുറ	35	0	0
മറ്റക്കര	12	0	0	എലഞ്ഞി	27	0	0
നിറന്താനം	6	14	0	താമരക്കുന്ന്	22	0	0
പൈക	9	0	0	കോതനല്ലൂർ	9	23	8
വേഴപ്ര	3	0	0	അതിരമ്പുഴ സെ. മേ.			
ക്ലാപ്പിക്കൽ	30	0	0	ഇം. ഹൈസ്ക്കൂൾ.	50	0	0
ഉഴവൂർപുതിയപള്ളി	20	0	0	സെ. ജോ. ഗോ. ഹൈ സ്ക്കൂൾചങ്ങനാശേരി	61	10	12
				ആകെ	1513	10	0

(തുടരും)

3 മേയ്മാസം പതിമൂന്നാംതീയതി മുതൽ ഇരുപത്തൊന്നാംതീയതിവരെ രാമപുരം ഫൊറോനായിലെപള്ളികളിൽ എത്രയും പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് വിസീത്തനടത്തുന്നതായിരിക്കും.

മദ്ധ്യസ്ഥൻ വായനക്കാരുടെ ശ്രദ്ധയ്ക്കു്.

പാറ്റ്നാമിഷനെ സഹായിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി.

കൽക്കട്ടായിലെ ഹെറൾഡ് പത്രാധിപർ അതിനെറ വരിക്കാക്കെഴുതുന്നതു്.

I am to inform you that at the request of His Excellency, Bishop Sullivan, a Special Earthquake Supplement is to be issued for the benefit of the distressed Patna Mission. This Supplement, which is to be published in the first wee in May, will be priced at annas-/8/-per copy. The Supplement will therefore be within the reach of most Catholics in this country and, whatever additional sympathy and help it may elicit from Catholics by bringing home to them the damage and loss suffered by the Patna diocese, it is hoped that every Catholic will make a special effort to assist Patna by at least purchasing a copy. If this hope is realised a substantial sum will be collected for reconstruction work in the ruined Mission, which is to receive no help from public funds and is entirely dependent on Catholic charity.

Bishop Sullivan has asked me to approach all subscribers of "THE HERALD" to purchase a copy of the Supplement and to induce their friends also to buy a copy. . . . . .

I feel sure that you will co-operate with Bishop Sullivan and the Patna Mission by ordering a copy of the Supplement and by sending me annas-/8/-for the same. This should be done at an early date as no order received after the 30th instant can be complied with. . . . . .

Bishop Sullivan is confident that he will receive this co-operation from you in his work to help rebuild Christ's Mission in Patna.

ഇതിൽ പറയുന്ന "Earthquake Supplement" മജൂസ്ഥൻ ആപ്പീസിൽനിന്നും കിട്ടുന്നതാണ്.

വി. യൗസേപ്പു പിതാവിന്റെ അനാഥശാലാമുദ്രാലയം, ചങ്ങനാശ്ശേരി.

പള്ളി റിക്കാർഡുകൾ.

യോഗപുസ്തകങ്ങളും, പള്ളിക്കായ്ത്തിലേക്കുള്ള അക്കൗണ്ടു ബുക്കുകളും, ആത്മസ്ഥിതി വിവരപുസ്തകങ്ങളും, മാമ്മോദീസാ—വിവാഹം—മരണം എന്നിവയ്ക്കുള്ളരജിസ്റ്റരുകളും, വിവാഹക്കുറികളും, ബിൽ, രസീതു്, സെക്രട്ടാലിറ്റി ഡിപ്പോമാ മുതലായവ ഇവിടെ വില്പാൻ തയാറുണ്ടു്.

മലയാളം, ഇംഗ്ലീഷ് സ്കൂൾപുസ്തകങ്ങൾ

ആവശ്യമായ ഹാജർബുക്കുകളും, അകപിറൻസ്രോളും, ഫീസ്രസീതു ബുക്കുകളും, ഫീസ്റജിസ്റ്റർബുക്കുകളും, വാക്സിനേഷൻ റജിസ്റ്റർ ബുക്കുകളും, സർട്ടിഫിക്കെറ്റുബുക്കുകളും, ബിൽഫാറങ്ങളും, മുതലായവ ഇവിടെ എപ്പോഴും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. കൂടാതെ വിദ്യാത്ഥികൾക്കാവശ്യമായ പലതരത്തിലുള്ള നോട്ടുബുക്കുകളും ആദായകരമായ വിലയ്ക്കു ചെയ്കൊടുക്കുന്നതാണ്.

പുതിയ പുസ്തകങ്ങൾ.

1. "തിരുരക്തവണക്കം".

നമ്മുടെ രക്ഷയുടെ വിലയായ കർത്താവിന്റെ തിരുരക്തത്തോടുള്ള ഭക്തിയെ നമ്മിൽ വളത്തുന്നതിനും, ധ്യാനത്തിനും ജ്ഞാനവായനയ്ക്കും പ്രത്യേകിച്ചു് ജൂലൈമാസവണക്കത്തിനും യോജിച്ച വിധത്തിലും ധ്യാനഗ്രന്ഥവും മൂന്നാംസഭയുടെ സുപ്പീയ്യരുമായ ആലക്കളത്തിൽ ബ്ര. മത്തായി അച്ചനവർകളാൽ വിരചിതം. [വില ഫ. വ]

2. "കത്തോലിക്ക മിഷൻ".

അതിവിപുലമായവേദപ്രചരണസംഘടനയുടെനാനാവശങ്ങളെപ്പറ്റിയും ആകർഷണീയവുമായവിധത്തിൽപ്രതിപാദിച്ചിട്ടുള്ള ഒരു നവീനഗ്രന്ഥം. ഗ്രന്ഥകർത്താവു ഫാദർ തോമസ്കളം. [വില ഫ. സ.]

3. "ക്രിസ്തുമതപ്രവേശനം".

വിദ്യാലയാഘോഷങ്ങളിലും മറ്റും സ്ക്രീൻകൂട്ടികളുടെ ഉപയോഗാത്ഥം മാത്രമായുള്ളതും മലങ്കരയിൽ വേദമറിയിച്ച ചരിത്രപ്രസിദ്ധമായ കഥകളിലൊന്നിനെ ആസ്പദമാക്കി കെ.നി. പൂ. സ. ബ. മണിക്കത്തനാരവർകളും എഴുതിയ ഒരു പ്രഹസനം. [വില ഫ. വ]

4, "സുകൃത ഭണ്ഡാരം".

ഇതിന്റെ രണ്ടാംപതിപ്പു് വിൽപനയ്ക്കു തയാറായിരിക്കുന്നു.

വില അണ 4.

"സുകൃതഭണ്ഡാരം."

പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്.

കൂടുതലായി പല ജപങ്ങളും കൂട്ടിച്ചേർത്തു്, ആദ്യത്തേതിൽ ഇരട്ടി വലിപ്പത്തിൽ അടിച്ചു തയാറായിരിക്കുന്നു. കാലിക്കോബൈയണ്ടിനു് വില **4** ണം. കൂടാതെ മൊറോക്കോ സെല്ലുലോയിഡു് ഇവ ബൈയണ്ടുകളിലും

വിൽപ്പാൻ തയാറുണ്ടു്.

അപേക്ഷിക്കേണ്ടും മേൽവിലാസം

1. മാനേജർ
മധ്യസ്ഥൻബുക്ക്ഡിപ്പോ
ചങ്ങനാശേരി

2. മാനേജർ
ലിറിൽഫ്ളൗവ്വർ
കാത്തലിക്ക്ബുക്ക്സ്റ്റാൾ
& ബൈൻഡിങ്ങ് ഹോം
മാന്നാനം

ഉ രസ്യം.

പള്ളി ആവശ്യങ്ങളിലേക്കുള്ള അംശത്താര നാടൻതേൻ മെഴുകുതിരികളും സ്പിർങ്ങിലേക്കുള്ള പൊതിരം തിരികളുംകൂടാതെ, തെളിച്ചെടുത്ത നല്ല വെള്ളക്കട്ടികളും എപ്പോഴും വിലയ്ക്കുകൊടുപ്പാൻ തയാറുണ്ടു്.

കുന്നാത്തു ഔസേപ്പു് ഔസേപ്പു
തുരുത്തി, ചങ്ങനാശേരി.

ചെൽവ ബാങ്കുമാൻസു് ഹൈന്ദ്രും ചങ്ങനാശേരി

ബോർഡിംഗ്ഹൗസു താരതമ്യേനകുറച്ചിരിക്കുന്നു.

പ്രതിവർഷം **45** രൂപാമാത്രം.

സ്വഭാവസംസ്കരണം, ആരോഗ്യസംവർദ്ധനം, അദ്ധ്യയനസൌകര്യം മുതലായവയിൽ കാലോചിതംവേണ്ട സകല ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

എന്നു്,
ബോർഡിംഗ് റെക്ടർ.

Reg. No. T. 21.

പഞ്ചാംഗം.

1934 മേയ് 1018 മേടം—ഇടവം.

ഇം.	മ.			
1	19	ചൊ	ശ്ലീ. ഫിലിപ്പോസും യാക്കോബും കർത്താവിന്റെ നൊവേന തുടങ്ങുന്നു.	ചൂ
2	20	ബു	അ. മൗ അത്തനാസിസ്	വെ
3	21	വ്യാ	ശ്ലീ. കുരിശു കണ്ടെത്തി	ചൂ
4	22	വെ	വിധവ. മോനിക്ക	വെ
5	23	ശ	പാ. മൗ. പീയോസ്	വെ
6	24	ഞാ ✠	ഉയ്പ്പു 5-ാംതാ ക. 16 മെ.	വെ
7	25	തി	ലൂത്തിനിയ	റോ
8	26	ചൊ	ലൂത്തിനിയ	റോ
9	27	ബു	ന. ക. കർത്തവം തുടങ്ങുന്നു	റോ
10	28	വ്യാ ✠	ന. ക. സ്വർഗ്ഗാരോഹണം	വെ
11	29	വെ	അ. മൗ അത്തനാസ്യോസ് (ഏ. 8.) പന്തക്കുസ്താ തിരുനാളിന്റെ നൊവേന തുടങ്ങുന്നു.	വെ
12	30	ശ	വേ. നേരോസും കൂട്ടരും	ചൂ
13	31	ഞാ ✠	ഉയിർപ്പ് 9-ാംതാ ഹ. 7 ഹ.	വെ
14	ഇ 1	തി	ബൊനിഫാസിസ്	ചൂ
15	2	ചൊ	പാ. വേ. സൊത്തേ കായി. (ഏ. 22)	ചൂ
16	3	ബു	അ. മൗ ഉഖാൽദോസ്	വെ
17	4	വ്യാ	മൗ. വസ്ക്കാളിസ്	വെ
18	5	വെ	വേ. ബെനാന്തിസ്	ചൂ
19	6	ശ	പന്തക്കുസ്താ തലേന്നാൾ.	ചൂ
20	7	ഞാ ✠	പന്തക്കുസ്താ ദ്വിതീയേ ക. 1 ക.	ചൂ
21	8	തി	എം	ചൂ
22	9	ചൊ	എം	ചൂ
23	10	ബു	എം ചതുർക്കാലം (പട്ടം) (ഇ. വി.)	ചൂ
24	11	വ്യാ	എം	ചൂ
25	12	വെ	എം ചതുർക്കാലം (പട്ടം)	ചൂ
26	13	ശ	എം ചതുർക്കാലം (പട്ടം) ഇന്നു പൈസഹാകാലം അവസാനിക്കുന്നു. വൈകുന്നേരംമുതൽ "കർത്താവിന്റെ മാലാഖ" ചൊല്ലുന്നു.	ചൂ
27	14	ഞാ ✠	പന്ത. 1-ാം തെ എ. ശ്ലീ. ത്രിത്വത്തിന്റെ ഞാ ക. 2 മെ.	വെ
28	15	തി	വേ. പത്രോസ് (ഏ 29)	ചൂ
29	19	ചൊ	മൗ. യോഹന്നാൻ (മേ 6)	വെ
30	17	ബു	പാ. വേ. ഫെലിക്സ് ന. ക. തിരുഹൃദയതിരുനാളിന്റെ നൊവേന തുടങ്ങുന്നു.	ചൂ
31	18	വ്യാ ✠	ശ്ലീ. കർമ്മലനായുടെ തിരുനാൾ	വെ

Printed and published by Rev. Fr. Mathew Alakalam at the S. J. O. Press, Changanacherry.